പുസ്തകം 2. ലക്കം 3.

ജൂലായ് – സെപ്തംബർ 2011

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712

shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപ സമിതി
സി.എം. കൃഷ്ണനുണ്ണി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
അജിതൻ പി.ഐ.
വിഷ്ണു ആനന്ദ്
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീപുരം പബ്ലിക്കേഷനുവേണ്ടി
ശ്രീകാന്ത് സി.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മയൂഖ പ്രിന്റേഴ്സ്, കൊച്ചി.

# വിഷയവിവരം

1. ഇന്ദ്രാക്ഷീസ്തോത്രം

2

2. തന്ത്രത്തിന്റെ ശാസ്ത്രീയത

4

3. സംസ്കൃതപഠനം

9

4. ചിന്തയെന്ന രണ്ടക്ഷരം

13

5. ശ്രീകൃഷ്ണന്റെ ധർമ്മപരിപാലനദൗത്യം

16

6. തന്ത്രശാസ്ത്രത്തിന് ഒരു ആമുഖം

22

7. സാംഖ്യദർശനം

25

# ഇന്ദ്രാക്ഷീസ്തോത്രം

സമ്പാദകൻ : ഡി. പ്രകാശ്

ഇന്ദ്രാക്ഷീ നാമ സാ ദേവീ ദൈവതൈഃ സമുദാഹൃതാ|
ഗൗരീ ശാകംഭരീ ദേവീ ദുർഗ്ഗാനാമ്നീതി വിശ്രുതാ ||

കാത്യായനീ മഹാദേവീ ചന്ദ്രഘണ്ടാ മഹാതപാഃ|
സാവിത്രീ സാ ച ഗായത്രീ ബ്രഹ്മാണീ ബ്രഹ്മവാദിനീ ||

നാരായണീ ഭദ്രകാളീ രുദ്രാണീ കൃഷ്ണപിംഗളാ |
അഗ്നിജ്വാലാ രൗദ്രമുഖീ കാളരാത്രീ തപസ്വിനീ ||

മേഘസ്വനാ സഹസ്രാക്ഷീ വികടാംഗീ ജലോദരീ|
മഹോദരി മുക്തകേശീ ഘോരരൂപാ മഹാബലാ ||

അജിതാ ഭദ്രദാऽനന്താ രോഗഹർത്രീ ശിവപ്രിയാ |
ശിവദൂതി കരാളീ ച പ്രത്യക്ഷപരമേശ്വരീ ||

ഇന്ദ്രാണീ ഇന്ദ്രരൂപാ ച ഇന്ദ്രശക്തിഃ പരായണാ|
സദാ സമ്മോഹിനീ ദേവീ സുന്ദരീ ഭുവനേശ്വരീ ||

ഏകാക്ഷരീ പരാ ബ്രാഹ്മീ സ്ഥൂലസൂക്ഷ്മപ്രവർത്തിനീ|
നിത്യം സകലകല്യാണീ ഭോഗമോക്ഷപ്രദായിനീ ||

മഹിഷാസുരസംഹർത്രീ ചാമുണ്ഡാ സപ്തമാതൃകാ|
വാരാഹീ നാരസിംഹീ ച ഭീമാ ഭൈരവനാദിനീ ||

ശ്രുതീഃ സ്മൃതീർധൃതിർമേധാ വിദ്യാ ലക്ഷ്മീഃ സരസ്വതീ|
അനന്താ വിജയാപർണാ മാനസ്തോകാപരാജിതാ ||

ഭവാനീ പാർവ്വതീ ദുർഗ്ഗാ ഹൈമത്യംബികാ ശിവാ|
ശിവാ ഭവാനീ രുദ്രാണീ ശങ്കരാർദ്ധശരീരിണീ ||

ഐരാവതഗജാരൂഢാ വജ്രഹസ്താ വരപ്രദാ|
ഭ്രാമരീ കാഞ്ചികാമാക്ഷീ ക്വണന്മാണിക്യനൂപുരാ ||

ത്രിപാദ്ഭസ്മപ്രഹരണാ ത്രിശിരാ രക്തലോചനാ|
ശിവാ ച ശിവരൂപാ ച ശിവഭക്തിപരായണാ ||

മൃത്യുഞ്ജയാ മഹാമായാ സർവ്വരോഗനിവാരിണീ|
ഐന്ദ്രീ ദേവീ സദാ കാലം ശാന്തിമാശു കരോതു മേ ||

## ഫലശ്രുതി

ഏതത് സ്തോത്രം ജപേന്നിത്യം സർവ്വവ്യാധിനിവാരണം|
രണേ രാജഭയേ ശൗര്യേ സർവ്വത്ര വിജയീ ഭവേത് ||

ഏതൈർനാമപദൈർദിവ്യൈഃ സ്തുതാ ശക്രേണ ധീമതാ|
സാ മേ പ്രീത്യാ സുഖം ദദ്യാത് സർവ്വാപത്തിനിവാരിണീ ||

ജ്വരം ഭൂതജ്വരം ചൈവ ശീതോഷ്ണജ്വരമേവ ച|
ജ്വരം ജ്വരാതിസാരം ച അതിസാരജ്വരം ഹര ||

ശതമാവർതയേദ് യസ്തു മുച്യതേ വ്യാധിബന്ധനാത് |
ആവർത്തയൻ സഹസ്രം തു ലഭതേ വാഞ്ഛിതം ഫലം ||

ഏതത് സ്തോത്രമിദം പുണ്യം ജപേദായുഷ്യവർദ്ധനം|
വിനാശായ ച രോഗാണാമപമൃത്യുഹരായ ച ||

മാർക്കണ്ഡേയപുരാണാന്തർഗതമായ ദേവീമാഹാത്മ്യത്തിൽ വർണ്ണിക്കപ്പെടുന്നതും സ്തുതിയ്ക്കപ്പെടുന്നതും ശുംഭനിശുംഭവധവിധാത്രിയും ദേവന്മാരുടെ പ്രാർത്ഥനയാൽ പാർവ്വതിയുടെ ശരീരകോശത്തിൽനിന്നാവിർഭവിച്ചതുമായ മഹാസരസ്വതിദേവി തന്നെയാണ് ഇവിടെ സ്തുതിക്കുന്ന ഇന്ദ്രാക്ഷിയും. ഈ ദേവിയുടെ മറ്റു പേരുകൾ ഗൗരീ, ശാകംഭരീ, ദുർഗ്ഗ എന്നെല്ലാമെന്ന് ഈ സ്തോത്രാരംഭത്തിൽ പറയുന്നു. ശുംഭനിശുംഭ വധത്തിനുശേഷം ദേവന്മാരാൽ സ്തുതിക്കപ്പെട്ട ദേവി, വരാൻ പോകുന്ന മന്വന്തരത്തിൽ ലോകോപദ്രവകാരികളായ അസുരന്മാരെ വധിക്കുവാനും ലോകരെ മറ്റെല്ലാ ആപത്തുക്കളിൽനിന്നും രക്ഷിയ്ക്കുവാനും താൻ വീണ്ടും പല നാമരൂപങ്ങളിൽ ആവിർഭവിയ്ക്കുമെന്ന് പറയുന്നു. അതിലൊരു നാമം ശാകംഭരി എന്നാണ്. മഴയില്ലാത്തതുകാരണം നദീതടാകാദികളിൽ വെള്ളമില്ലാതെയായപ്പോൾ വലയുന്ന മനുഷ്യരെ നൂറുകണ്ണുകളെക്കൊണ്ട് നോക്കിയതുകൊണ്ട് ശതാക്ഷീ എന്ന പേര് ദേവിയ്ക്ക് വന്നുചേർന്നു. മഴയുണ്ടാകുന്നതുവരെ പ്രാണികളുടെ പ്രാണങ്ങളെ രക്ഷിയ്ക്കാനായി സ്വന്തം ദേഹത്തിൽനിന്നും ഉദ്ഭവിച്ച ചീര തുടങ്ങിയ സസ്യങ്ങളെക്കൊണ്ട് സകലലോകങ്ങളെയും പരിപോഷിപ്പിച്ചതുകൊണ്ട് ശാകംഭരീ എന്ന് ജനങ്ങൾ വിളിച്ചു. അതേ അവസരത്തിൽ ദുർഗ്ഗൻ എന്ന അസുരനെ വധിച്ചതിനാൽ ദുർഗ്ഗാദേവീ എന്ന പേരും സിദ്ധിച്ചു. ഇപ്രകാരം ഈ പേരുകളോടുകൂടി അറിയപ്പെടുന്ന ദേവിതന്നെയാണ് ഈ ഇന്ദ്രാക്ഷീദേവിയും.

ഈ സ്തോത്രജപത്താൽ സർവ്വരോഗനിവാരണമാണ് ഫലം. മാത്രമല്ല യുദ്ധവിജയം, രാജഭയഹരം എന്നിവയും ഫലങ്ങളാണ്. ഈ സ്തോ ▸▸

ത്തുങ്ങളെക്കൊണ്ട് സ്തുതിക്കപ്പെട്ട ദേവി പ്രീതിയാൽ സർവ്വാപദ്വിനിവാരണത്തിലൂടെ സുഖം തരും. എല്ലാവിധ ജ്വരത്തിൽനിന്നും രക്ഷിക്കും. നൂറ് പ്രാവശ്യം ജപിച്ചാൽ സർവ്വരോഗശമനമാണ് ഫലം. ആയിരം പ്രാവശ്യം ജപിച്ചാൽ ആഗ്രഹിച്ചത് നേടാൻ സാധിക്കും. പുണ്യപ്രദമായ ഈ സ്തോത്രജപം അപമൃത്യു ഇല്ലാതാക്കുവാനും ആയുസ്സ് വർദ്ധിപ്പിക്കുവാനും സഹായകവുമാണ്. ■

# തന്ത്രത്തിന്റെ ശാസ്ത്രീയത

എൽ. ഗിരീഷ്കുമാർ

ലോകം അപരിമിതമാണ്. അപാരത പൂണ്ടുകിടക്കുന്ന ഈ പ്രപഞ്ചത്തിൽ പരിമിതമായ ഉപകരണങ്ങളുപയോഗിച്ച് കുറച്ചുകാലം ജീവിയ്ക്കുകയാണ് നമ്മൾ. പരിമിതങ്ങളായ നമ്മുടെ പഞ്ചേന്ദ്രിയങ്ങൾകൊണ്ടുവന്നു തരുന്നതായ പ്രപഞ്ചത്തെക്കുറിച്ചുള്ള അറിവും പരിമിതമാകാനേ തരമുള്ളൂ. അവയെ നമ്മൾ സ്വാംശീകരിക്കുന്നത് നമ്മുടെ വാസനകളോടുകൂടിയ മനസ്സാലാണെന്നതിനാൽ വീണ്ടും ആ അറിവ് കുറച്ചുകൂടി പരിമിതമാകും. ഇതിന്റെയെല്ലാം ഫലമായി ഉണ്ടാകുന്ന ഞാൻ എന്ന ബോധവും പരിമിതമാണ്. ഈ പരിമിതത്വത്തെക്കുറിച്ച് ബോധമുണ്ടാകുമ്പോൾ അതിൽ അനന്തമായ ഈ ലോകത്തെ അതിന്റെ അനന്തതയിൽത്തന്നെ അനുഭവിയ്ക്കുവാൻ നമുക്ക് അപ്പോൾ ആഗ്രഹമുണ്ടാകും. എപ്പോഴാണോ ഈ പരിമിതത്വത്തെ മറികടക്കുവാൻ ആഗ്രഹിയ്ക്കുക അപ്പോഴാണ് യഥാർത്ഥ ആദ്ധ്യാത്മിക പ്രയാണം ആരംഭിയ്ക്കുന്നത്. അതുവരെയുള്ളതെല്ലാം ഭൗതികലോകത്തെ എങ്ങനെ കുറച്ചുകൂടി മെച്ചപ്പെട്ടതാക്കാം എന്നതു മാത്രമാണ്. അത് നല്ലതല്ലെന്നല്ല. അത് ഒരു യഥാർത്ഥ ആദ്ധ്യാത്മിക പ്രയാണമാവില്ല എന്നേ അർത്ഥമാക്കേണ്ടതുള്ളൂ.

അല്പത്വത്തെക്കുറിച്ച് യഥാർത്ഥബോധം നമ്മളിൽ അങ്കുരിക്കുകയും അതിൽനിന്ന് രക്ഷപ്പെടുവാൻ ആഗ്രഹിക്കുകയും ചെയ്യുമ്പോൾ പലമാർഗ്ഗങ്ങളും നമ്മുടെ മുന്നിൽ വരും. അതിൽ പ്രധാനം തന്ത്രശാസ്ത്രമാണ്. അല്പത്വബോധത്തിൽനിന്ന് പൂർണ്ണബോധത്തിലേയ്ക്ക് എത്താൻ സഹായിക്കുന്നതാണ് തന്ത്രം. 'തനു' എന്ന ധാതുവിൽനിന്നാണ് തന്ത്രപദം നിഷ്പന്നമായിരിക്കുന്നത്. 'തനു' എന്ന ധാതുവിന് മേദിനീകോശത്തിൽ പത്തു വ്യത്യസ്ത അർത്ഥങ്ങൾ പറയുന്നുണ്ട്. അതിൽ രണ്ടെണ്ണമാണ് ഇവിടെ പ്രസ്താവമർഹിക്കുന്നത്. ഒന്ന് ശരീരമെന്നും രണ്ടാമത്തേത് വിസ്ത

രിപ്പിക്കുക എന്നുമാണ്. തന്യതെ വിസ്താര്യതേ അനേന ഇതി തന്ത്രം. ശരീരമെന്നതിനെയും വിസ്തരിപ്പിക്കുക എന്നതിനെയും കൂട്ടിയിണക്കി പറഞ്ഞാൽ ശരീരത്തിൽ ഉള്ള എന്തോ ഒന്നിനെ വികസിപ്പിക്കുന്ന ശാസ്ത്രം എന്നർത്ഥത്തിൽ ചെന്നെത്തും തന്ത്രപദം. ശരീരത്തിലെ അവയവങ്ങളെ വികസിപ്പിയ്ക്കുവാനുള്ള ശാസ്ത്രമല്ല എന്നു തീർച്ച. എങ്കിൽ പിന്നെ ശരീരത്തിൽ എന്താണ് വികസിയ്ക്കുവാനുള്ളത്? തലച്ചോറിലെ കോശങ്ങളാണ്. വളരെ കുറച്ച് കോശങ്ങൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂവെന്ന് ബ്രയിൻ ശാസ്ത്രജ്ഞന്മാർ പറയുന്നു. മുഴുവൻ കോശങ്ങളും പൂർണ്ണമായി വികസിക്കുവാൻ സഹായിക്കുന്നതാണ് തന്ത്രം. കുറച്ച് കോശങ്ങൾ മാത്രം പ്രവർത്തോനോന്മുഖമായപ്പോൾ ഉള്ള പരിമിതമായ ഞാൻ എന്ന ബോധമാണ് നമുക്കുള്ളത്. എന്നാൽ കോശങ്ങൾ പൂർണ്ണമായി വികസിച്ചാൽ നമ്മുടെ ബോധം പൂർണ്ണമായി ഉണരും. അതാണ് തലച്ചോറിൽ സ്ഥിതിചെയ്യുന്നതും സഹസ്രാരപത്മം എന്ന് ആലങ്കാരികമായി പറയുന്നതുമായ brain cells തന്ത്രസാധനയിലൂടെ പൂർണ്ണമായി വികസിക്കുമെന്ന് പറയുന്നത്. അപ്പോൾ നമ്മൾ മനസ്സിലാക്കുന്ന ലോകം ഇപ്പോൾ പരിമിതമായ അഹം എന്ന ബോധംകൊണ്ട് മനസ്സിലാക്കുന്നതിനേക്കാൾ തികച്ചും വ്യത്യസ്തമായിരിക്കും. ആ ബോധതലത്തിലേയ്ക്ക് നമ്മളെ ഉണർത്തുന്ന ശാസ്ത്രമാണ് തന്ത്രം. ഇതിന് വളരെ വൈവിധ്യമാർന്ന പലയധികം മാർഗ്ഗങ്ങൾ തന്ത്രശാസ്ത്രത്തിൽതന്നെ പറയുന്നുണ്ട്.

ലോകത്ത് ജാതിമതവർഗ്ഗലിംഗഭേദമന്യേ ഒരേയൊരു വിശപ്പുമാത്രമേയുള്ളൂ. എന്നാൽ ആ ഒരേയൊരു വിശപ്പുമാറ്റാൻ നമുക്കു മുന്നിൽ അനവധി ആഹാരങ്ങൾ ഉണ്ട്. ഈ ആഹാരവൈവിധ്യം എന്തുകൊണ്ടാണ് എന്നു നമുക്കറിയാം. അതിൽനിന്ന് ഒരു കാര്യം നമുക്ക് മനസ്സിലാകും ഒരേയൊരു സത്യത്തിലെത്താൻ അനവധി മാർഗ്ഗങ്ങൾ ഉണ്ടായിട്ടുള്ളത് വ്യത്യസ്ത മനുഷ്യർക്ക് വേണ്ടിയാണ് എന്ന്. മനുഷ്യർ വ്യത്യസ്തരായിരിക്കുന്നത് അവരുടെ മനോഘടനയുടെ വ്യത്യസ്തതകൊണ്ടാണ്. അതുകൊണ്ടുതന്നെ അവന് ലക്ഷ്യത്തിലെത്താനുള്ള മാർഗ്ഗങ്ങളും വ്യത്യസ്തങ്ങൾതന്നെയായിരിക്കും. ഒരു മാർഗ്ഗം മാത്രമേ പറഞ്ഞുള്ളുവെങ്കിൽ എല്ലാവരും ലക്ഷ്യത്തിലെത്താൻ സാധ്യതയില്ല. വ്യത്യസ്തരായ മനുഷ്യർക്കുവേണ്ടി വ്യത്യസ്തമായ മാർഗ്ഗങ്ങളുടെ ഒരു സമുച്ചയം, അതാണ് തന്ത്രശാസ്ത്രം.

തന്ത്രശാസ്ത്ര പ്രവേശനത്തിന് ഈശ്വരവിശ്വാസം ആവശ്യമായ ഒരു ഘടകമല്ല. എന്നാൽ സത്യത്തെ അറിയുവാനുള്ള ആഗ്രഹം വേണം എന്ന യോഗ്യത മാത്രമേ ഇതിന് ആവശ്യമുള്ളൂ. ഈശ്വരനിൽ വിശ്വസിക്കാത്തവനും സത്യം അറിയാൻ ആഗ്രഹമുള്ളതുമായ ആൾക്കും ഇതിൽ ഒരു മാർഗ്ഗം പറഞ്ഞിട്ടുണ്ട്. സത്യത്തെ അറിയാൻ ആഗ്രഹമുള്ള ഒരാൾ ▸▸

ക്ക് ഈ മാർഗ്ഗത്തിൽ പ്രവേശിക്കാൻ ഇതിലൂടെ മുമ്പുപോയ ഒരാളുടെ സഹായമാവശ്യമാണ്. കാരണം തന്ത്രശാസ്ത്രത്തിന്റെ വഴികൾ ദുർഘടം പിടിച്ചതാണ്. മാനസികനിലവരെ തെറ്റാൻ സാധ്യതയുള്ള മാർഗ്ഗമാണിത്. ആയതിനാൽ മുൻപരിചയമുള്ള ഒരാളുടെ ആവശ്യം ഇതിലൂടെയുള്ള പ്രയാണത്തിന് അത്യന്താപേക്ഷിതമാണ്. ഭാരതീയശാസ്ത്രത്തിൽ ഈ മുൻപരിചയക്കാരനെ ഗുരു എന്നു വിളിക്കുന്നു. സാധാരണക്കാരനല്ല എന്നർത്ഥം. സത്യത്തെ അറിഞ്ഞ് അനുഭവിച്ചാലും സത്യത്തിലെത്തുവാൻ അനവധി മാർഗ്ഗങ്ങൾ അറിയുന്ന ആളുമായിരിക്കണം ഗുരു. വിവിധ മാർഗ്ഗങ്ങളിലൂടെ പോയി അതിന്റെയെല്ലാം അനുഭവങ്ങളെ സ്വായത്തമാക്കിയവനായിരിക്കണം ഗുരു. അല്ലെങ്കിൽ തന്റെ അടുത്തുവരുന്ന സത്യകാംക്ഷികൾക്ക് ഒരേയൊരു വഴി മാത്രമേ പറഞ്ഞുകൊടുക്കുവാൻ സാധിക്കുകയുള്ളൂ. സത്യത്തിലെത്താനുള്ള ആഗ്രഹം യഥാർത്ഥത്തിലുള്ളതാണെങ്കിൽ സത്യത്തിൽ എത്തിയ ആളെ കണ്ടാൽ മനസ്സിലാകും. യഥാർത്ഥ സത്യാന്വേഷണത്തിനുള്ള ആഗ്രഹമില്ലാത്തതുകൊണ്ടാണ് നമുക്ക് യഥാർത്ഥ ഗുരുയോഗ്യതയുള്ള ആളെ അറിയാൻ സാധിക്കാത്തത്.

യഥാർത്ഥ ഗുരുവിനെ കണ്ടെത്തിക്കഴിഞ്ഞാൽ ഇന്ന ദേവതയെ ഉപാസിക്കുവാനുള്ള വഴി പറഞ്ഞു തരണമെന്നല്ല ഗുരുവിനോട് പറയേണ്ടത്. സത്യത്തിലെത്തുവാൻ സഹായിക്കണമെന്നാണ് പറയേണ്ടത്. അങ്ങനെ പറഞ്ഞാൽ ഡോക്ടർ രോഗിയെ നിരീക്ഷിക്കുന്നതുപോലെ ഗുരു ശിഷ്യനാകുവാൻ പോകുന്ന ആളെ നിരീക്ഷിക്കും. ഇത് ഒരു ട്രീറ്റ്മെന്റുതന്നെയാണ്. ഇവിടെ ട്രീറ്റുചെയ്യുന്ന ഡോക്ടറെ ഭവരോഗവൈദ്യൻ എന്നു പറയുന്നു. രോഗി ഭവരോഗിയും. എന്റെ പരിമിതങ്ങളായ ഇന്ദ്രിയങ്ങൾ അനന്തമായ പ്രപഞ്ചത്തിൽനിന്ന് ഒപ്പിയെടുത്ത ഈ ലോകത്തെ കുറച്ചുമാത്രം വികസിച്ച ബ്രയിൻസെല്ലുകളുള്ള മസ്തിഷ്കത്തിലൂടെ നോക്കികാണുമ്പോൾ പരിമിതമാണ് ഞാനും ഈ ലോകവും എന്ന തിരിച്ചറിവാണ് ഭവരോഗം.

ഭവരോഗമുണ്ടെന്ന് അറിഞ്ഞുകഴിഞ്ഞാൽ ചികിത്സ എളുപ്പമാണ്. അല്ലാത്തകാലത്തോളം ചികിത്സ വിഷമമാണ്. തിരിച്ചറിവോടെ ഭവരോഗവൈദ്യനായ ഗുരുവിന്റെ അടുക്കലെത്തിയാൽ നമ്മളെ നിരീക്ഷണത്തിന് വിധേയരാക്കും. നിരീക്ഷണകാലഘട്ടം ആറുമാസം മുതൽ നാലുവർഷംവരെയാണ്. ഈ കാലഘട്ടത്തിൽ നമ്മുടെ പ്രവൃത്തികളെ സസൂക്ഷ്മം നിരീക്ഷിക്കും. ഇന്ന സമയത്ത് എഴുന്നേൽക്കണം ഇന്ന സാധന ചെയ്യണമെന്ന് ഒന്നും ഗുരു പറയുകയില്ല. നമുക്ക് സ്വതന്ത്രമായിതന്നെ ഇരിയ്ക്കാം. നിരീക്ഷണകാലഘട്ടം കഴിഞ്ഞാൽ ഒരു മാർഗ്ഗം ഉപദേശിക്കും.

തന്ത്രത്തിൽ പ്രധാനമായും മന്ത്രത്തിന്റെയും യന്ത്രത്തിന്റെയും മാർഗ്ഗമാണ്. അതിനു കാരണം നമ്മളിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന ഇന്ദ്രിയങ്ങൾ കണ്ണും ചെവിയുമാണ്. സ്വാധീനം ചെലുത്തുന്ന ഇന്ദ്രിയ വ്യത്യാസമനുസരിച്ച് സാധനയും മാറും. കണ്ണും ചെവിയുമാണ് മനുഷ്യനെ ശക്തമായി നിയന്ത്രിക്കുന്നത്. കണ്ണിന്റെ പ്രവൃത്തി കാണലും ചെവിയുടെ പ്രവൃത്തി കേൾക്കലുമാണ്. കാണപ്പെടുന്നത് രൂപവും കേൾക്കപ്പെടുന്നത് നാമവും. നാമരൂപങ്ങളാണ് നമ്മളെ ഈ പരിമിതാവസ്ഥയിൽ പെടുത്തിയിരിക്കുന്നത്. തന്ത്രം നാമരൂപങ്ങളെ ഉപയോഗിക്കുന്നു. നാമങ്ങളെ മന്ത്രമായിട്ടും രൂപങ്ങളെ യന്ത്രമായിട്ടുമാണ് പറയുക. യന്ത്രമന്ത്രങ്ങളുപയോഗിച്ചാണ് പ്രധാനമായും തന്ത്രസാധന നടത്തുന്നത്. 'നയനം' സർവ്വേന്ദ്രിയാത് പ്രധാനമെന്ന് കൗളോപനിഷത്തിൽ പറയുന്നുണ്ട്. ഈ നാമരൂപങ്ങൾ ഉപയോഗിച്ചാണ് മന്ത്രയന്ത്രങ്ങൾ ഉണ്ടാകുന്നത്. ഈ മന്ത്രയന്ത്രങ്ങളുടെ ഉറവിടം ഒന്നാണ്. വ്യത്യസ്ത രൂപത്തിലുള്ള ഈ പ്രപഞ്ചത്തിന്റെ ആവിർഭാവത്തിനുമുമ്പ് യാതൊന്ന് ഉണ്ടായിരുന്നുവോ അതാണ് ഇവയുടെ ഉറവിടം. അതിനെ ശിവൻ, ഈശ്വരൻ, ശുദ്ധബോധം, ബ്രഹ്മം എന്നിങ്ങനെ ഏതു പേരിട്ട് വിളിച്ചാലും ഒരു പ്രസക്തിയുമില്ല. കാരണം അത് നാമരൂപങ്ങൾക്ക് അപ്പുറമുള്ളതാണ്. അതിന് എന്തോ കാരണത്താൽ പലതായിത്തീരാൻ ആഗ്രഹമുണ്ടായി. എന്തുകാരണം എന്ന ചോദ്യത്തിന് ഇവിടെ പ്രസക്തിയില്ല. ഏതുപോലെയെന്നാൽ നോവലിലെ കഥാപാത്രത്തിന് എന്തിനാണ് എന്നെ ഇങ്ങനെ സൃഷ്ടിച്ചത് എന്ന് നോവലിസ്റ്റിനോട് ചോദിക്കാൻ പറ്റില്ല. കാരണം അത് നോവലിസ്റ്റിന്റെ സ്വാതന്ത്ര്യമാണ്. അതിന്റെ സ്വാതന്ത്ര്യഫലമായാണ് ഇങ്ങനെയെല്ലാം സൃഷ്ടിച്ചത്. നമ്മൾ ആവിർഭാവമായതിന്റെ ഭാഗത്ത് നിൽക്കുന്നതുകൊണ്ട് ഈ ചോദ്യം പ്രസക്തിയില്ലാത്തതാണ്. എന്നാണോ നമ്മൾ സൃഷ്ടിഹേതുഭൂതമായ അതിന്റെ (unmanifested) ഭാഗത്താകുന്നത് അന്നേ പലതായി തീരാനുള്ള ആഗ്രഹത്തിന്റെ കാരണമെന്തെന്ന ചോദ്യത്തിന് പ്രസക്തിയുള്ളു. ഏതൊരു ആഗ്രഹമുണ്ടായാലും അതിനെ കേന്ദ്രീകരിച്ച് പ്രവർത്തിക്കുവാൻ തുടങ്ങും. കാലത്തിന് ഇപ്പുറം നില്ക്കുന്ന നമുക്ക് ഒരു ആഗ്രഹം സഫലമാകണമെങ്കിൽ കുറച്ച് സമയമെടുക്കും. കാലാതീതനായ 'അതിന്' പലതാകാൻ അധികസമയം വേണ്ടിവന്നില്ല. കാലത്തിന് ഇപ്പുറമായതിനാലാണ് നമ്മുടെ ആഗ്രഹം സഫലമാകുവാൻ കുറച്ചുസമയം വേണ്ടിവരുന്നതും നമ്മൾ പ്രവർത്തിക്കുന്നതും. അത് പലതാകാൻ ആഗ്രഹിച്ചപ്പോൾ ആ ആഗ്രഹത്തെ കേന്ദ്രീകരിച്ച് അത് സാന്ദ്രമാകാൻ തുടങ്ങി. സാന്ദ്രമായിത്തീർന്ന് അതൊരു ഗോളരൂപിയായ (sphere) ബിന്ദുവായി തീർന്നു. ഏറ്റവും കുറച്ച് സ്ഥലം സ്വായത്തമാക്കുന്നതും കൂടുതൽ ▸▸

പ്രതലവിസ്തീർണ്ണം (surface area) ഉള്ളതുമാണ് ഗോളരൂപിയായ ഈ ബിന്ദു. അപഞ്ചീകൃതതലത്തിൽനിന്ന് സച്ചിദാനന്ദമെന്ന് വിളിയ്ക്കപ്പെടുന്ന അത് പലതാകുക എന്ന ആഗ്രഹത്തെ കേന്ദ്രീകരിച്ച് സാന്ദ്രമായിതീർന്ന് ഒരു ഗോളരൂപിയായ ബിന്ദുവായിത്തീർന്നിരിക്കുന്നു. ഇനി അതിന് പഞ്ചീകൃതതലത്തിലേയ്ക്ക് വിസ്തൃതമാകണം. അതിനുവേണ്ടി അത് വികസിക്കും. വികസിക്കുന്ന എന്തിനും ഒരു ശബ്ദമുണ്ടാകും. ഈ ബിന്ദു വികസിക്കുമ്പോൾ ഒരു ശബ്ദം ഉണ്ടാകും. ആ ശബ്ദത്തെയാണ് ശബ്ദബ്രഹ്മമെന്നു വിളിക്കുന്നത്. ആ ശബ്ദം വികസിക്കുമ്പോൾ അതിനെ പ്രണവം എന്നും വിളിയ്ക്കുന്നു. ധ്യാനാവസ്ഥയിൽ നമുക്ക് നമ്മളിൽ അത് കേൾക്കാൻ സാധിക്കും. വാക്കുകൊണ്ട് ഉച്ചരിക്കുന്നതല്ല വാസ്തവത്തിലുള്ള പ്രണവം. അന്തർനാദമാണ് പ്രണവം. ധ്യാനിച്ചുകഴിഞ്ഞാൽ ആദ്യം രക്തക്കുഴലിലൂടെ രക്തം ഓടുന്ന ശബ്ദം കേൾക്കാൻ സാധിക്കും. അതിനുശേഷം വീണ്ടും സൂക്ഷ്മമായി അതിനും പിന്നിലേയ്ക്ക് പോകാൻ സാധിച്ചാൽ വണ്ട് മൂളുന്നപോലെയുള്ള ശബ്ദം കേൾക്കാം. അതിനുശേഷം കേൾക്കാൻ സാധിക്കുന്ന ശബ്ദമാണ് പ്രണവധ്വനി. ഇത് നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽ അന്തർലീനമായികിടക്കുന്ന നാദമാണ്. അങ്ങനെ വികസിച്ച് ഒരു പരിധികഴിഞ്ഞാൽ പിന്നീട് വികസിക്കാൻ പറ്റാതെ ആ ബിന്ദു പൊട്ടിത്തെറിക്കും. ഖഗോളോർജ്ജതന്ത്രത്തിൽ (astrophysics) എന്തോ കാരണത്താൽ ആകർഷണ വികർഷണഫലമായി കോസ്മിക്ഡസ്റ്റുകൾ ഒരുമിച്ചുചേർന്ന് മഹാവിസ്ഫോടനമുണ്ടായി എന്നു പറയുന്നത് ഇതു തന്നെയെന്ന് പറയാം. ആ ഏകമായ ശബ്ദം പൊട്ടിത്തെറിച്ച് അ മുതൽ ക്ഷ വരെയുള്ള 51 ശബ്ദകണ്ണങ്ങളായിത്തീർന്നു എന്ന് ഭാരതീയ ശാസ്ത്രം. ആ ഓരോ കണ്ണങ്ങളും അഖണ്ഡമായ ബോധത്തിന്റെ ഭാഗമായതുകൊണ്ട് ക്ഷരമില്ലാത്തതാണ് (നാശമില്ലാത്തത്). ക്ഷരമില്ലാത്തതുകൊണ്ട് അക്ഷരമെന്ന് അറിയപ്പെടുന്നു. നാശമില്ലാത്ത ഈ ശബ്ദകണ്ണങ്ങളെ കൂട്ടിച്ചേർത്ത് വാക്കുകളും വാക്കുകൾ കൂട്ടിച്ചേർത്ത് വാചകങ്ങളും ലഭിക്കുന്നു. ഇത് ശബ്ദത്തിന്റെ അഥവാ നാദത്തിന്റെ തലം.

അടുത്തത് രൂപത്തിന്റെ തലം നോക്കാം. ഇത് സച്ചിദാനന്ദരൂപമായ ബിന്ദുവിന്റെ ചിത്രത്തിലൂടെയുള്ള ആവിഷ്കരണമാണ്. ബിന്ദു എന്നത് അളവില്ലാത്തതാണ് (dimensionless point) ഈ ബിന്ദുവിനെ രണ്ടു തരത്തിൽ വിസ്തരിക്കാം. നേർരേഖയായും വൃത്തരൂപത്തിലുമാണത് വിസ്തൃതമാകുന്നത്. ഗണിതശാസ്ത്രത്തിൽ നേർരേഖയുടെ നിർവചനംതന്നെ അനന്തമായ ബിന്ദുക്കളുടെ സമാഹാരമെന്നാണ്. ഈ ബിന്ദുക്കൾ ഒന്നിനുപുറകെ ഒന്നായി അടുക്കിവെച്ചാലാണ് നേർരേഖ കിട്ടുക. വൃത്തരൂപത്തിന്റെ ഒരു ഭാഗമാണ് ചാപം. അങ്ങനെ ഒരു ബിന്ദു, ഒരു നേർരേഖ, ഒരു ചാപം ഇത്രയും കിട്ടി. ഈ മൂന്നും കൊണ്ട് ലോകത്തുള്ള ഏതു ചി

ത്രവും വരയ്ക്കാം. നാമവും ചിത്രവും (രൂപവും) ഒരേ ബിന്ദുവിൽനിന്നാണ് ഉടലെടുക്കുന്നത്. അതുകൊണ്ടാണ് ഏതു ചിത്രത്തിനും അത് ഉണ്ടായ ബിന്ദുവിൽനിന്ന് ഉടലെടുത്ത ശബ്ദകഷ്ണങ്ങൾ ഉപയോഗിച്ച് നാമവും ഉണ്ടാക്കാം. അങ്ങനെ നാമവും രൂപവും അതായത് മന്ത്രയന്ത്രങ്ങൾ തമ്മിൽ പരസ്പരം വളരെ ബന്ധപ്പെട്ടിരിക്കുന്നു. ഏതു നാമത്തിനും ഒരു രൂപം ഉണ്ടാകും. ഏറ്റവും പെട്ടെന്ന് നമ്മുടെ മനസ്സിലേയ്ക്ക് ആവാഹിച്ച് എടുക്കുവാൻ പറ്റുന്ന രൂപം നമ്മളെപ്പോലെത്തന്നെയുള്ള ജീവികളുടേതാണ്. നമ്മൾ കടക്കാൻ പോകുന്ന സത്യത്തിലേയ്ക്ക് ഗുരു ഒരു ഉപാധിയായി നമുക്ക് തരുന്നത് നമ്മളെപ്പോലെ കരചരണാദികളോടുകൂടിയ ദേവീദേവന്മാരുടെ രൂപങ്ങളാണ്.

നമുക്ക് ഏതു നാമവും ഏതു രൂപവുമാണ് തരേണ്ടത് എന്ന് ഗുരു നിശ്ചയിക്കുന്നത് നമ്മുടെ ശരീര കോശങ്ങളുടെ തരംഗദോലനനിരക്കിന്റെ (frequency) ആകത്തുകയ്ക്കനുസരിച്ചാണ്. എന്തെന്നാൽ നമ്മുടെ ശരീരത്തിലെ ഓരോ കോശവും സദാ ചലിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ നമുക്ക് കോശതരംഗചലനനിരക്ക് ഉണ്ട്. അതിനോട് തുലനം ചെയ്യുന്ന ഫ്രീക്വൻസിയിലുള്ള ഒരു മന്ത്രവും രൂപവും വേണം നമുക്ക് സത്യത്തിലേയ്ക്കുള്ള പ്രയാണത്തിൽ ഉപാധിയായി സ്വീകരിക്കുവാൻ. അതാണ് മനനാൽ ത്രായതേ മന്ത്രഃ എന്ന് പറയുന്നത്. മനസ്സിനെ നിയന്ത്രിച്ച് മനസ്സിന്റെ പരിമിതയിൽനിന്ന് നമ്മളെ രക്ഷിക്കുന്നത് മന്ത്രം. നിയന്ത്രിച്ച് ത്രാണനം ചെയ്യുന്നത് യന്ത്രം. ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച് അതിന്റെ പരിമിതിയിൽനിന്ന് നമ്മളെ രക്ഷിക്കുന്നത് യന്ത്രം. ഈ മന്ത്രയന്ത്രങ്ങളുടെ ചേർച്ചയിൽനിന്നാണ് തന്ത്രം ഉണ്ടാകുന്നത്. നമ്മൾ സ്വീകരിക്കുന്ന മന്ത്രത്തിന്റെ ഫ്രീക്വൻസി നമ്മുടെ ഫ്രീക്വൻസിയുമായി യോജിക്കുന്നില്ലെങ്കിൽ നശീകരണാത്മകമായ പ്രവർത്തനമായിരിക്കും നമ്മളിൽ നടക്കുക.

(തുടരും)

# സംസ്കൃതപഠനം

ഡി. പ്രകാശ്

പുല്ലിംഗശബ്ദങ്ങളുടെ ഏതാനും രൂപങ്ങൾ നമ്മൾ കണ്ടു. വിസർഗ്ഗമുള്ളവയെല്ലാം പുല്ലിംഗങ്ങളാണെന്ന് ധരിയ്ക്കുകയുമരുത്. ഉദാഹരണം നോക്കു.

| | | | |
|---|---|---|---|
| मतिः | = | ബുദ്ധി | (സ്ത്രീലിംഗം) |
| धेनुः | = | പശു | (സ്ത്രീലിംഗം) |

| | | | |
|---|---|---|---|
| पयः | = | പാൽ | (നപുംസകലിംഗം) |
| वक्षः | = | മാറിടം | (നപുംസകലിംഗം) |

പുല്ലിംഗത്തിൽ മാത്രം കാണുന്ന ഏതാനും രൂപങ്ങൾ ശ്രദ്ധിയ്ക്കുക.

| പദങ്ങൾ | | അർത്ഥങ്ങൾ | പദങ്ങൾ | | അർത്ഥങ്ങൾ |
|---|---|---|---|---|---|
| भारः | = | ഭാരം | उद्गारः | = | ഏമ്പക്കം |
| भुजः | = | കൈ | निकायः | = | വീട് |
| करः | = | കൈ | कायः | = | ശരീരം |
| स्तवः | = | സ്തുതി | भिक्षुः | = | യാചകൻ |
| वरः | = | വരം | वधः | = | വധം |
| निश्चयः | = | തീരുമാനം | रणः | = | യുദ്ധം |
| अध्यायः | = | അധ്യായം | शब्दः | = | ശബ്ദം |
| रवः | = | ശബ്ദം | पाठः | = | പാഠം |
| भावः | = | ഭാവം | उपकारः | = | ഉപകാരം |
| प्रणयः | = | പ്രണയം | लेखः | = | കത്ത് |

പുല്ലിംഗമല്ല എന്ന തോന്നാവുന്നതും എന്നാൽ പുല്ലിംഗമായിട്ടുള്ളതുമായ ചില ശബ്ദങ്ങളെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

व्याधिः = രോഗം.................. ഇകാരാന്തം

परिधिः = പരിധി................ ഇകാരാന്തം

सन्धिः = ചേർച്ച................. ഇകാരാന്തം

ध्वनिः = ശബ്ദം .................. ഇകാരാരന്തം

सेतुः = പാലം.................. ഉകാരാന്തം

സ്ത്രീലിംഗശബ്ദം കണ്ടുപിടിയ്ക്കുവാനുള്ള എളുപ്പവഴി- ആകാരത്തിലും ഈകാരത്തിലും അവസാനിക്കുന്നവ അധികവും സ്ത്രീലിംഗങ്ങളാകുന്നു.

नदी = പുഴ ................................. ഈകാരാന്തം

लता = വള്ളി............................. ആകാരാന്തം

बालिका = പെൺകുട്ടി .................. ആകാരാന്തം

माला = മാല................................ ആകാരാന്തം

| | | |
|---|---|---|
| भगिनी | = | സഹോദരി.................. ഈകാരാന്തം |
| लेखनी | = | പേന ............................. ഈകാരാന്തം |
| पिपीलिका | = | ഉറുമ്പ്............................. ആകാരാന്തം |
| अध्यापिका | = | അധ്യാപിക................ ആകാരാന്തം |
| धटी | = | വാച്ച്.............................. ഈകാരാന്തം |
| दर्वी | = | കൈയിൽ (തവി)...... ഈകാരാന്തം |
| अङ्कनी | = | പെൻസിൽ................. ഈകാരാന്തം |
| पार्वती | = | പാർവ്വതി..................... ഈകാരാന്തം |
| कलिका | = | പൂമൊട്ട് ........................ ആകാരാന്തം |
| शाटिका | = | സാരി ............................ ആകാരാന്തം |

ആകാരത്തിലും ഈകാരത്തിലും അവസാനിക്കുന്ന ചില രൂപങ്ങൾ സ്ത്രീലിംഗങ്ങളാണെന്ന് തോന്നിയേക്കാം. എന്നാൽ അവ പുല്ലിംഗങ്ങളാണ്.

| പദം | | അർത്ഥം | പ്രകൃതി | അന്തം |
|---|---|---|---|---|
| करी | = | ആന | करिन् | നകാരാന്തം |
| हारी | = | മോഷ്ടാവ് | हारिन् | നകാരാന്തം |
| धाता | = | ബ്രഹ്മാവ് | धातृ | ഋകാരാന്തം |
| दाता | = | കൊടുക്കുന്നവൻ | दातृ | ഋകാരാന്തം |
| कर्ता | = | കർത്താവ് | कर्तृ | ഋകാരാന്തം |

ധാതുവിന് പല അർത്ഥങ്ങളുമുണ്ട്. അതിൽ ഒന്ന് സിദ്ധാവസ്ഥ. അതായത് പ്രവൃത്തികൊണ്ട് നേടിയ അവസ്ഥ. ഉദാഹരണം ശ്രവിക്കുന്നതുവഴി സിദ്ധിച്ചത് ശ്രുതി. വർഷിക്കുന്നതു (പെയ്യുക) വഴി സിദ്ധിച്ചത് വൃഷ്ടി. ധാതുവിന്റെ ഈ അർത്ഥത്തെയാണ് ഭാവം എന്നു പറയുന്നത്. ഈ അർത്ഥത്തിൽ ക്തിൻ എന്ന പ്രത്യയം ചേർത്ത് പറയുന്ന രൂപങ്ങളെല്ലാം സ്ത്രീലിംഗമായിരിക്കും.

| പദം | | അർത്ഥം | പദം | | അർത്ഥം |
|---|---|---|---|---|---|
| कृतिः | = | കൃതി (സൃഷ്ടി) | भूतिः | = | ഐശ്വര്യം |
| स्तुतिः | = | സ്തുതി | वृष्टिः | = | മഴ |
| नतिः | = | നമസ്കാരം | उक्तिः | = | പറച്ചിൽ |

| | | | | | |
|---|---|---|---|---|---|
| सूक्तिः | = നല്ല പറച്ചിൽ | | हानिः | = നാശം |
| स्मृतिः | = ഓർമ്മ | | युक्तिः | = യുക്തി |
| श्रुतिः | = കേൾവി, വേദം | | भक्तिः | = ഭക്തി |
| ग्लानिः | = ക്ഷയം | | | |

നപുംസകലിംഗരൂപങ്ങളെ മനസ്സിലാക്കുവാനുള്ള എളുപ്പവഴി.

1. സാധാരണയായി അനുസ്വാരത്തിൽ അവസാനിക്കുന്നവയെ നപുംസകമായി ഗണിയ്ക്കാം.

| പദം | അർത്ഥം | പ്രകൃതി | അന്തം |
|---|---|---|---|
| फलम् | പഴം | फल | അകാരാന്തം |
| विमानम् | വിമാനം | विमान | അകാരാന്തം |
| वनम् | കാട് | वन | അകാരാന്തം |
| व्यजनम् | ഫാൻ | व्यजन | അകാരാന്തം |
| दुग्धम् | പാൽ | दुग्ध | അകാരാന്തം |
| पुष्पम् | പൂവ് | पुष्प | അകാരാന്തം |
| भवनम् | വീട് | भवन | അകാരാന്തം |
| जलम् | വെള്ളം | जल | അകാരാന്തം |
| नेत्रम् | കണ്ണ് | नेत्र | അകാരാന്തം |
| श्रोत्रम् | ചെവി | श्रोत्र | അകാരാന്തം |
| उदरम् | വയർ | उदर | അകാരാന്തം |
| मन्दिरम् | അമ്പലം | मन्दिर | അകാരാന്തം |

അനുസ്വാരത്തിൽ അവസാനിക്കാത്ത നപുംസകരൂപങ്ങളുമുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പദം | അർത്ഥം | പ്രകൃതി | അന്തം |
|---|---|---|---|
| वारि | വെള്ളം | वारि | ഇകാരാന്തം |
| अस्थि | അസ്ഥി | अस्थि | ഇകാരാന്തം |
| वाः | വെള്ളം | वार् | രേഫാന്തം |

| | | | |
|---|---|---|---|
| पयः | പാൽ | पयस् | സകാരാന്തം |
| तत् | അത് | तद् | ദകാരാന്തം |

2. ചില പ്രത്യയങ്ങൾ ചേരുമ്പോൾ നപുംസകലിംഗത്തിൽ മാത്രമുള്ള രൂപങ്ങൾ കിട്ടും. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| हसितम् | ചിരിച്ചത് | दानम् | ദാനം |
| विकसितम् | വികസിച്ചത് | यानम् | വണ്ടി |
| ईक्षितम् | നോക്കപ്പെട്ടത് | पतनम् | വീഴ്ച |
| स्थानम् | സ്ഥാനം | मननम् | മനനം |
| उपवेशनम् | ഇരിപ്പ് | रक्षणम् | രക്ഷണം |
| गमनम् | പോക്ക് | दर्शनम् | ദർശനം |
| पठनम् | പഠിത്തം | भजनम् | ഭജനം |
| शयनम् | കിടപ്പ് | पानम् | കുടിയ്ക്കൽ |
| चौर्यम् | കളവ് | पाणिपादम् | കൈകാലുകൾ |
| मौढ्यम् | മൂഢത | गावश्वम् | പശുവും കുതിരയും |
| सौकुमार्यम् | സൗന്ദര്യം | (തുടരും) | |

## ചിന്തയെന്ന രണ്ടക്ഷരം

സി.എം. കൃഷ്ണനുണ്ണി

ജന്മാഷ്ടമി ആഘോഷം പതിവുപോലെ പൊടിപൊടിച്ചു. ശ്രീകൃഷ്ണക്ഷേത്രങ്ങളിലടക്കം എല്ലാ ക്ഷേത്രങ്ങളിലും 'ഭക്തജന'ങ്ങൾ നിറഞ്ഞൊഴുകി. പപ്പടവും നീലവും ഉപയോഗിച്ച് കൃഷ്ണകുചേലന്മാരും രാധാരുഗ്മിണിമാരും തെരുവീഥികളിൽ ആനന്ദനൃത്തം ചവിട്ടിനീങ്ങി. ഭാഗവതവും ഭഗവദ്ഗീതയും അന്തരീക്ഷത്തെ മുഖരിതമാക്കി. നമ്മൾ പൊതുവേ ശ്രീകൃഷ്ണഭക്തരാണെന്ന സാരം. നമുക്ക് ദേവീഭക്തരും അയ്യപ്പഭക്തരുമാവാൻ വലിയ പ്രയാസമൊന്നുമില്ല. നവരാത്രിക്ക് നാം ദേവീഭക്തരാവും, മണ്ഡലക്കാലമായാൽ അയ്യപ്പഭക്തിയായി. വിനായകചതുർത്ഥിയായാൽ ഗണേശഭക്തരാകുവാനും നമുക്ക് സന്തോഷമേയുള്ളൂ. ചിങ്ങത്തിൽ കെട്ടിയാടി ▸▸

▸▸ യത് കൃഷ്ണന്റെ ബാലലീലകളായെന്ന മാത്രം.

എന്നിട്ടെന്തുകാര്യം? കൃഷ്ണന്റെ പ്രസാദം നമുക്ക് ലഭിക്കുന്നുണ്ടോ? "മാമേകം ശരണംവ്രജ, അഹം ത്വാം സർവ്വപാപേഭ്യോ മോക്ഷയിഷ്യാമി മാ ശുചഃ" എന്ന ഭഗവാന്റെ വാഗ്ദാനം എന്തേ നമ്മുടെ സമൂഹത്തിൽ ആശാകിരണങ്ങൾ വർഷിക്കാതിരിക്കുന്നത്? നമ്മുടെ ലോകം പടുകുഴിയിലേയ്ക്ക് പതിക്കുന്നതെന്തുകൊണ്ട്?

നാം ഭജിക്കുന്ന ശ്രീകൃഷ്ണനെ അടക്കം ഏതെങ്കിലും ദേവിദേവന്മാരെ നാം യഥാർത്ഥത്തിൽ മനസ്സിന്റെ അകക്കാമ്പുകൊണ്ട് ഇഷ്ടപെടുന്നുണ്ടോ എന്ന ഒരു മറുചോദ്യം ഉയർന്നുവരുന്നു. ശ്രീകൃഷ്ണന്റെ കാര്യം തന്നെയെടുക്കാം. 'നീലമേഘശ്യാമളനെ', 'കാറൊളിമണിവർണ്ണ'നെ ഭജിക്കുന്ന നമുക്ക് കറുപ്പുനിറം കാണുമ്പോൾ കൃഷ്ണനെയല്ല, ആ നിറം വെളുപ്പാക്കുവാനുള്ള സൂത്രങ്ങൾ അറിയിക്കുന്ന ചാനൽ പരസ്യങ്ങളാണ് ഓർമ്മവരിക.

അയൽവീടുകളിലെ സൂക്ഷിപ്പുകൾ കവരുന്ന (ഗോപികാഗൃഹങ്ങളിലെ സമ്പത്തായിരുന്നു തൈരും പാലും വെണ്ണയും) കൃഷ്ണനെ നമുക്ക് നമ്മുടെ വീട്ടിലും അയൽവീടുകളിലും ഇന്ന് പൊറുപ്പിക്കാനാവുമോ? കൃഷ്ണനെ നാം ജുവനൈൽ കോടതിക്കുമുമ്പിലെത്തിച്ച് ജുവനൈൽ ഹോമിലാക്കിയില്ലെങ്കിലേ അത്ഭുതമുള്ളൂ. വൃന്ദാവനത്തിലെ ഗോപികമാർ യശോദയോട് കണ്ണനെക്കുറിച്ച് ആവലാതി പറഞ്ഞത് കണ്ണനെ വെറുത്തുകൊണ്ടായിരുന്നില്ല.

ദേവകീവസുദേവന്മാരെ തന്റെ മാതാപിതാക്കളാക്കാൻ മഹാവിഷ്ണു നിശ്ചയിച്ച മുഹൂർത്തം മുതൽ നമ്മുടെ ദൃഷ്ടിയിൽ അവരുടെ കഷ്ടകാലം ആരംഭിക്കുന്നു. ആറ് മക്കളെ കൊലക്ക് കൊടുക്കേണ്ടിവന്നു. ജയിലിലടക്കപ്പെട്ടു. കംസന്റെ കാരാഗൃഹത്തിൽവെച്ച് ഉണ്ണി പിറന്നപ്പോഴാകട്ടെ, ഉണ്ണി ചതുർബാഹുവും. ദേവകീവസുദേവന്മാർ ചതുർബാഹു വിഷ്ണുരൂപത്തിൽ പിറന്നുവീണ മകനെ കണ്ടപ്പോൾ സ്തുതിച്ചു, നമസ്കരിച്ചു. നമ്മളെന്തുചെയ്യുമായിരുന്നു? പ്ലാസ്റ്റിക് സർജറിക്ക് മാർഗ്ഗമുണ്ടോയെന്ന് നോക്കുമായിരുന്നു.

ജനിച്ച ഉടനെ നന്ദഗോപഗൃഹത്തിലേയ്ക്ക് മാറ്റപ്പെട്ട ശ്രീകൃഷ്ണൻ നമ്മുടെ കണ്ണിലൂടെ നോക്കുമ്പോൾ നിരവധി ദുർവ്വിധികളുമായാണ് അവിടെയെത്തിയത്. പൂതന, ശകടാസുരൻ, ധേനുകൻ, അഘാസുരൻ, പ്രലംബൻ .... എത്രയെത്ര ജീവാപഹരണ ശ്രമങ്ങളെയാണ് ശ്രീകൃഷ്ണൻ നേരിട്ടത്. ശകടാസുരഭീഷണിക്കുശേഷംമാത്രമാണ് നന്ദഗോപർ 'ഗ്രഹശങ്കയാൽ ഉഴിഞ്ഞതും', 'തൈ,രക്ഷതം,ദർഭ,നീരുംകൊണ്ടാഹുതി' ചെയ്തതും 'വേദമന്ത്രജപാന്വിതം തീർത്ഥൗഷധികളാൽ' അഭിഷേചനം ചെയ്യിച്ചതും ബ്രാഹ്മണർക്ക് 'മൃഷ്ടാന്നഭുക്തി'യും ഗോദാനവും നല്കിയതും. (ഭാഗവ

തം 10-7). നമ്മളാണെങ്കിൽ സ്വന്തം തലവിധിയെ പഴിച്ചും കുഞ്ഞിനെ മാനസികമായി വ്രണപ്പെടുത്തിയും പരിതപിക്കുമായിരുന്നു. കീഴ്വഴക്കങ്ങളിലെ യുക്തിശൂന്യതയെ തുറന്നുകാട്ടിക്കൊണ്ട് ഗോവർധനപൂജയ്ക്ക് തുനിഞ്ഞ ശ്രീകൃഷ്ണൻ നമ്മൾക്കിടയിലെ 'തെറിച്ച പയ്യ'നാവുമായിരുന്നു.

അതെ, നമുക്ക് ശ്രീകൃഷ്ണനെ ഇഷ്ടമല്ല. ഏതു ദേവീദേവന്മാരുടെ കാര്യത്തിലും നമ്മുടെ സ്ഥിതി ഇതാണ്. ഇനി, ശ്രീകൃഷ്ണന്റെ ഉപദേശങ്ങൾ നമുക്ക് പത്ഥ്യമാണോയെന്നു നോക്കാം. ഭഗവാൻ ഉദ്ധവരോട് പറഞ്ഞു (ഭാഗവതം 11-29) :

'ഭൂതങ്ങൾക്കൊക്കെയകവും
പുറവും തന്നിലും തഥാ
ആകാശംപോൽ നിറഞ്ഞാത്മാ-
വാ, യെന്നെ കണ്ടിട്ടും ബുധർ.'

തന്നിലും സർവ്വചരാചരങ്ങളിലും വിവേകബുദ്ധിയുള്ളവർ ആത്മാവായി എന്നെ (ഭഗവാനെ അഥവാ ശ്രീകൃഷ്ണനെ) കാണും എന്നാണ് ഭഗവാൻ പറഞ്ഞത്. ആത്മതലത്തിൽ നാം ഭഗവാനാണെന്ന ബോധം നമുക്കുണ്ടോ?

'കേവലജ്ഞാനമീമട്ടാർ-
ന്നഖിലപ്രാണിവർഗ്ഗവും
ഞാൻ താനെന്നോർത്തു പൂജിക്കു
കേതിനേയും മഹാദ്യുതേ'

എല്ലാറ്റിലും എല്ലാവരിലും ആത്മാവായി വർത്തിക്കുന്നത് ഭഗവാനാണെന്ന് മനസ്സിലാക്കി, പ്രാണനുള്ള എല്ലാറ്റിനെയും ഭഗവാനായിക്കണ്ട് ആരാധനാപൂർവ്വം പെരുമാറുവാനും ഇടപെടുവാനുമുള്ള ഈ ഉപദേശം നാം അനുഷ്ഠിക്കാറുണ്ടോ?

'ചണ്ഡാളൻ, ബ്രാഹ്മണൻ, സ്തേനൻ
ബ്രഹ്മണ്യൻ, തീക്കണം, രവി
ക്രൂര, നക്രൂരനിവരിൽ
സമദൃക്കാണുപണ്ഡിതൻ'

ബ്രാഹ്മണനിലും ചണ്ഡാളനിലും കള്ളനിലും ബ്രാഹ്മണഭക്തനിലും സൂര്യൻ തീപ്പൊരി എന്നിവയിലും ക്രൂരനിലും ക്രൂരത തീരെയില്ലാവരിലും സമദൃഷ്ടി പുലർത്തുവാനുള്ള ഭഗവാന്റെ ഉപദേശം നാം പാലിക്കാറുണ്ടോ?

'ഞാൻ ചൊന്നതെല്ലാം നന്നായ്
ചിന്തിച്ചു മദ്ധർമ്മനിഷ്ഠനായ്
വാങ്മനസ്സുകളെന്നിൽ താ
നർപ്പിച്ചാലുമതിൽപ്പരം

ത്രിഗുണാതീതമെൻ ശ്രേഷ്ഠ
സ്ഥാനം പ്രാപിച്ചിടും ഭവാൻ'

ഭഗവാൻ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുവാനും ഭഗവാന്റെ ധർമ്മം സ്വധർമ്മമായിക്കണ്ട് അതിൽ നിഷ്ഠപുലർത്തുവാനും വാക്കും മനസ്സും ഭഗവാനിൽ അർപ്പിക്കുവാനുമാണ് ഭഗവൽപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളായി ശ്രീകൃഷ്ണഭഗവാൻ നിർദ്ദേശിച്ചത്. ഭഗവദ്ഗീതയിലും അവസാനം അർജ്ജുനനോട് ഭഗവാൻ പറഞ്ഞത് 'വിമൃശൈ്യതദശേഷേണ യഥേച്ഛസി തഥാ കുരു' എന്നത്രെ.

ചിന്തിക്കുവാൻ (വിശ്വസിക്കുവാനോ യന്ത്രപ്പാവയെപ്പോലെ അനുഷ്ഠിക്കുവാനോ അല്ല) ആവശ്യപ്പെട്ട ഏകലോകഗുരു ശ്രീകൃഷ്ണഭഗവാനാണ്. നമ്മളാൽ കഴിയുംപോലെ അതുമാത്രം ചെയ്ത് ചിന്തക്കനുസരിച്ച് ജീവിച്ചിരുന്നുവെങ്കിൽ മനുഷ്യന്റെ ജീവിതവും ഈ ലോകവും ഇന്നത്തെക്കാൾ എത്രയോ മികച്ചതാകുമായിരുന്നു. ചിന്തിക്കുവാനുള്ള ഒരേയൊരു തീരുമാനം പഠിക്കാനും കേൾക്കാനും നമ്മെ പ്രേരിപ്പിക്കും. അതിന് നാം ജീവിതത്തിൽ സമയം കണ്ടെത്തുമ്പോൾ ജീവിതത്തിൽ മിതത്വവും കൂട്ടായ്മയും സൂക്ഷ്മതയും കർമ്മത്തിൽ നൈപുണ്യവും നാം പുലർത്താൻ നിർബന്ധിതരാവും. നമ്മുടെ വാസസ്ഥലം അമ്പാടിയും (അൻപ് അഥവാ കാരുണ്യം വഴിഞ്ഞൊഴുകുന്ന ഇടം) വിഹാരസ്ഥലം വൃന്ദാവന (കൃത്രിമ ഔപചാരികതകളില്ലാത്ത അസ്സൽ കൂട്ടായ്മയും പാരസ്പര്യവും) വുമാവും. വസന്തനിലാവിലെ രാസക്രീഡയ്ക്ക് കണ്ണനെത്തുവാൻ പിന്നെ വൈകില്ല. ചിന്തയുടെ വെണ്ണീരാവാനുള്ള ദുരിതങ്ങളേ നമുക്കുള്ളൂ. അഭീഷ്ടസിദ്ധിയിലേയ്ക്ക് നമ്മളിൽനിന്നുള്ള അകലം ചിന്തയെന്ന രണ്ടക്ഷരത്തിന്റേതുമാത്രമാണ്. ■

# ശ്രീകൃഷ്ണന്റെ ധർമ്മപരിപാലന ദൗത്യം

അപർണ്ണാദേവി എ.

## കൃഷ്ണൻ - ഒരു നല്ല ആതിഥേയൻ

തിഥി നോക്കാതെ കടന്നുവരുന്നവനാണ് അതിഥി. അതിഥി ദേവോ ഭവ എന്നതിനെ തന്റെ പ്രവൃത്തിയിലൂടെ കൃഷ്ണൻ സാർത്ഥകമാക്കുന്നു. സതീർത്ഥ്യനായ സുദാമാവ് തന്നെക്കാണാനെത്തിയപ്പോൾ അതിഥിപൂജതന്നെയാണ് കൃഷ്ണൻ ചെയ്യുന്നത്. അതിഥിക്ക് ആവശ്യമായതെന്തും അറിഞ്ഞ് പ്രവർത്തിക്കുക എന്നതാണ് ആതിഥേയന്റെ ധർമ്മം. സുദാമാവിന് തന്റെ ശ്രീയെക്കൂടി പകുത്ത് നല്കി കൃഷ്ണൻ

ആനന്ദത്തിൽ ആറാടുന്നു. ദുർവ്വാസാവ് മഹർഷി അതിഥിയായി വന്നപ്പോഴും കൃഷ്ണന്റെ ആതിഥ്യമര്യാദ പ്രശംസനീയമായി കാണാം. പലതരം ബുദ്ധിമുട്ടുകൾ ദുർവ്വാസാവ് കൃഷ്ണനും രുഗ്മിണിക്കും വരുത്തിവെച്ചുവെങ്കിലും മഹർഷിയെ ആത്മാർത്ഥമായി രണ്ടുപേരും ഭക്ത്യാദരപൂർവ്വം സേവിച്ചു. നരനെ നാരാണനാക്കുക എന്ന തത്വത്തിലൂടെ ഭാരതം എല്ലാ തത്വത്തിന്റെയും ആതിഥേയരാഷ്ട്രം തന്നെയായി മാറി. തന്റെ അടുത്ത് അതിഥിയായെത്തിയ ഒരാളെയും കൃഷ്ണൻ നിരാശനാക്കിയില്ല. മഹാഭാരതയുദ്ധത്തിനു മുമ്പ് തന്റെ മുമ്പിൽ എത്തിയ അതിഥിയായ ദുര്യോധനനെയും അദ്ദേഹം തന്റെ സൈന്യത്തെ നല്കി സഹായിച്ചു.

## കൃഷ്ണൻ - ഒരു നല്ല നയതന്ത്രജ്ഞൻ

ഓരോ സന്ദർഭങ്ങളിലൂടെയും കാര്യങ്ങളെ തിരിച്ചറിഞ്ഞ് വരാൻ പോകുന്ന സന്ദർഭങ്ങളിൽ ആവശ്യമില്ലാത്തതിനെ പ്രതിരോധിക്കാനും ആവശ്യമുള്ളതിനെ സ്വീകരിച്ച് ലക്ഷ്യത്തിലെത്താനും ഉള്ള കഴിവും പ്രായോഗികബുദ്ധിയുമാണ് നയതന്ത്രജ്ഞത. ഭൂമിയിൽ ഇന്നുവരെ ജന്മമെടുത്തവരിൽ ഏറ്റവും നല്ല നയതന്ത്രജ്ഞനാണ് കൃഷ്ണൻ. ജനിച്ച സമയത്തുതന്നെ അമ്പാടിയിലേയ്ക്ക് തന്നെ എത്തിക്കാൻ അച്ഛനായ വസുദേവരോട് കൃഷ്ണൻ പറഞ്ഞത് അലൗകികമായ ലീലയാണ്. തന്നെ തേടിവരുന്ന കംസന്റെ ആളുകളിൽനിന്ന് അമ്പാടിയിലെ നിവാസികളായ ഗോപന്മാരുടെ സുരക്ഷ ഉദ്ദേശിച്ചുകൊണ്ട് കൃഷ്ണനെ സുരക്ഷിതനാക്കണമെന്ന ചിന്ത ഗോപന്മാരിൽ ഉദിപ്പിച്ച നാലു വയസ്സുമാത്രം പ്രായമുള്ള കൃഷ്ണന്റെ നയതന്ത്രജ്ഞത അലൗകികമല്ലാതെ മറ്റെന്താണ്? സുരക്ഷിതമായ നിലനില്പ്പ് എവിടെയാണോ സാദ്ധ്യമാവുന്നത് അവിടെവേണം വാസസ്ഥാനമാക്കാൻ എന്ന നയതന്ത്രജ്ഞതയാണ് ഇവിടെയുള്ളത്.

ജരാസന്ധനെ ഭയന്നോവെന്നുതോന്നുംവണ്ണം സമുദ്രമദ്ധ്യത്തിൽ ദ്വാരക നിർമ്മിച്ച് കൃഷ്ണൻ ബന്ധുക്കളെ അവിടെ കൊണ്ടുപോയി വസിപ്പിക്കുന്നു. കപടരായ അസുരന്മാരെ കപടംകൊണ്ടുതന്നെ ഹനിച്ച് ധാർമ്മികനായ ജരാസന്ധനെ ധർമ്മയുദ്ധംകൊണ്ടുതന്നെ ജയിക്കുന്നു. യുദ്ധത്തിൽ പല പ്രാവശ്യം ജരാസന്ധൻ തോറ്റെങ്കിലും യാദവരുടെയും ധനവും ആൾബലവും യുദ്ധംകൊണ്ട് നശിക്കുന്നതു കാരണം ജനങ്ങൾക്ക് സ്വസ്ഥത നല്കണമെന്ന ഉദ്ദേശത്തോടെയാണ് ദ്വാരകാവാസം ആരംഭിച്ചത്. കാലങ്ങൾക്കുശേഷം കൃഷ്ണന്റെ സഹായത്താൽ ഭീമൻ ജരാസന്ധനെ കൊല്ലുന്നതോടെ കൃഷ്ണന്റെ നയതന്ത്രജ്ഞത വ്യക്തമാകുന്നു. ജരാസന്ധന് കപ്പം കൊടുക്കുന്നവരായ ▸▸

രാജാക്കന്മാരുടെ മുഴുവൻ ആശ്രയസ്ഥാനം യുധിഷ്ഠിരനായി മാറി. യുധിഷ്ഠിരൻ രാജസൂയയജ്ഞം നടത്തുമ്പോൾ ഇത് വളരെയധികം സഹായകരമായി.

ആയുധശേഷിയോടൊപ്പം ധനശേഷികൂടി നേടാനാണ് കൃഷ്ണൻ അധർമ്മം അനുഷ്ഠിച്ച് സൃഗാല വാസുദേവനെ വധിച്ചത്. ആ ധനം ഉപയോഗിച്ച് ദ്വാരകാപുരി നിർമ്മിച്ചു. തുടർച്ചയായ യുദ്ധം മനുഷ്യനെ മടുപ്പിക്കുന്നു. യുദ്ധം ഒഴിവാക്കുന്നതിലൂടെ ഇരുഭാഗത്തും സമാധാനം പുലരും എന്ന സന്ദേശവും കൃഷ്ണജീവിതത്തിൽ നമുക്ക് കാണാം.

സുഭദ്രയെ അർജുനന് വിവാഹം ചെയ്തുകൊടുക്കുമ്പോൾ വരാൻപോകുന്ന മഹാഭാരതയുദ്ധത്തിൽ പാണ്ഡവർക്ക് യാദവന്മാരുടെ സഹായം കൃഷ്ണൻ മുൻകൂട്ടി കണക്കാക്കുന്നു.

ഹസ്തിനാപുരിയിലേയ്ക്ക് അക്രൂരനെ ദൂതനായി അയക്കുമ്പോൾ ധർമ്മത്തെ മുറുകെ പിടിക്കാൻവേണ്ട പിടിവള്ളികളാണ് കൃഷ്ണൻ ദുര്യോധനാദികൾക്ക് നേരെ നീട്ടുന്നത്. പക്ഷേ, അധാർമ്മികരായ അവർ അത് സ്വീകരിക്കുന്നില്ല.

ഈ ഭൂമിയിൽ ജനിച്ച ഏതൊരു വസ്തുവിനും അതിന്റെ നിലനില്പിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് അതിന്റെ അവകാശമാണ്. ആ അവകാശങ്ങളെ കൈയൂക്കുള്ളവർ തട്ടിയെടുക്കുന്നത് ധർമ്മവിരുദ്ധമാണ്. ആ അധർമ്മത്തിനെതിരെ ബോധവത്കരണം നടത്താനാണ് കൃഷ്ണൻ കൗരവസഭയിലെത്തിയത്. തന്നെ അപമാനിക്കുന്ന ദുര്യോധനനെ അപ്പോൾത്തന്നെ വേണമെങ്കിൽ കൃഷ്ണന് വധിക്കാൻ കഴിയും. എന്നാൽ അത് ദൂതന്റെ പ്രവൃത്തിയല്ല. ദൂതന്റെ ധർമ്മം തന്റെ സ്വാമി തന്നെ ഏല്പിച്ച ജോലി കൃത്യമായി ചെയ്യുക എന്നതുമാത്രമാണ്. ഇതിലൂടെ ദൂതന്റെ നയവും ദൂത് ചെല്ലുന്ന രാജ്യത്തെ രാജാവ് ദൂതനോട് എന്ത് നയം സ്വീകരിക്കണമെന്നും മനസ്സിലാക്കാൻ കഴിയും.

മഹാഭാരതയുദ്ധത്തിനു മുമ്പ് തന്നെ കാണാൻ അർജ്ജുനനും ദുര്യോധനനും എത്തിയപ്പോൾ കൃഷ്ണൻ ഉറക്കം നടിക്കുകയായിരുന്നു. അവർ ആഗ്രഹിച്ച സഹായംതന്നെ കൃഷ്ണൻ അവർക്ക് ചെയ്തുകൊടുത്തു. തന്റെ സൈന്യത്തെ ദുര്യോധനനും യുദ്ധത്തിൽ ആയുധം ഉപയോഗിക്കില്ല എന്ന പ്രതിജ്ഞയോടെതന്നെ അർജുനനും കൊടുത്തു. ധർമ്മസ്വരൂപനായ താൻ നില്ക്കുന്ന ഭാഗം ജയിക്കും എന്ന ദൃഢഉറപ്പിന്മേലാണ് ഈ തീരുമാനം.

യുദ്ധാരംഭത്തിനുമുമ്പ് മാതാവിന്റെ മുമ്പിലേയ്ക്ക് അനുഗ്രഹത്തിനായി ദുര്യോധനൻ ചെല്ലുന്നു. പതിവ്രതയായ ഗാന്ധാരിയുടെ ദൃഷ്ടിയാൽ ദുര്യോധനൻ അമിതബലവാനാകുമെന്ന് മനസ്സിലാക്കിയ

കൃഷ്ണൻ വിവസ്ത്രനായി മാതാവിന്റെ അടുത്തേക്ക് പോകുന്ന ദുര്യോധനനെ കളിയാക്കുന്നു. തന്റെ തുടവരെ മറച്ച് മാതാവിന്റെ മുമ്പിൽ നില്ക്കാൻ ദുര്യോധനനോട് പറയുന്നു. യുദ്ധത്തിൽ കൃഷ്ണന്റെ ഉപദേശത്താൽ ഭീമൻ ദുര്യോധനന്റെ തുടയിൽതന്നെ ഗദകൊണ്ട് പ്രഹരിച്ച് വീഴ്ത്തുന്നു. അധർമ്മത്തിനെതിരെ അധർമ്മം ഉപയോഗിച്ചാലും ധർമ്മത്തിന്റെ പുനസ്ഥാപനത്തിനാണെങ്കിൽ അത് ന്യായീകരിക്കപ്പെടുന്നു.

യുദ്ധത്തിൽ ഭഗദത്തൻ അർജുനന്റെ നേർക്കയച്ച വൈഷ്ണവാസ്ത്രത്തെ തേർത്തട്ടിൽ എഴുന്നേറ്റുനിന്ന് തന്റെ മാറിലണിയുകയും കർണ്ണൻ അർജുനന് നേരെ നാഗാസ്ത്രം അയച്ചപ്പോൾ തേർത്തട്ട് ചവിട്ടിത്താഴ്ത്തിയതും കൃഷ്ണന്റെ യുദ്ധനിപുണതയും നയതന്ത്രജ്ഞതയും ദൃശ്യമാക്കുന്നു. രാജ്യത്തെ ക്ഷേമത്തിലേയ്ക്ക് നയിക്കാൻ നയതന്ത്രജ്ഞത കൂടിയേ തീരു.

## കൃഷ്ണൻ- ഒരു നല്ല സ്ത്രീ സംരക്ഷകൻ

വിശ്വമാതാവാണ് സ്ത്രീ. സ്ത്രീകളുടെ നേരെ അതിക്രമങ്ങൾ പ്രവർത്തിക്കുന്നത് ധർമ്മത്തിന് വിരുദ്ധമാണ്. അങ്ങനെ അതിക്രമങ്ങൾ ഉണ്ടാകുമ്പോൾ ധർമ്മത്തിലുറച്ചുനിന്ന് സ്വന്തം മാനാഭിമാനങ്ങൾ മാനിക്കാതെ സ്ത്രീകളെ രക്ഷിക്കാൻ തന്റെ പ്രവൃത്തികളിലൂടെ കൃഷ്ണൻ ആഹ്വാനം ചെയ്യുന്നു. പാണ്ഡവരുടെ വനവാസകാലത്ത് പാണ്ഡവരുടെ അതിഥിയായി ദുർവ്വാസാവ് എത്തുന്നു. പാഞ്ചാലിയുടെ ഭക്ഷണംകൂടി കഴിഞ്ഞതിനാൽ അവിടെ ഒന്നും ശേഷിക്കാതിരുന്നതുകൊണ്ട് പാഞ്ചാലി കൃഷ്ണനെ ആശ്രയിക്കുകയും കൃഷ്ണൻ പാഞ്ചാലിയുടെ അക്ഷയപാത്രത്തിൽ ഉണ്ടായിരുന്ന ഒരു ചീരയില കഴിക്കുകയും ചെയ്യുന്നു. കൃഷ്ണൻ ആ ഒരു ചീരയില ഭക്ഷിച്ചതിലൂടെ ദുർവ്വാസാവും പരിവാരങ്ങളും വിശപ്പുമാറി തൃപ്തരായി കാണപ്പെടുന്നു. ഒരു ചീരയില ഭക്ഷിച്ചതിലൂടെ സമസ്തബ്രഹ്മാണ്ഡത്തിന്റെയും വിശപ്പുമാറി തൃപ്തരാക്കുകയാണ് ഇവിടെ ഉണ്ടായത്. ലോകത്തിന്റെ ഏതൊരു കോണിലും നടക്കുന്ന ഏതൊരു ചെറിയ സംഭവവും സമസ്തലോകത്തിലേയ്ക്കും വ്യാപിക്കുന്നുവെന്ന് ഇവിടെ കാണാം. പാഞ്ചാലിക്ക് ഉണ്ടാകുമായിരുന്ന ആ അപമാനത്തിൽനിന്ന് കൃഷ്ണൻ പാഞ്ചാലിയെ അങ്ങനെ രക്ഷിച്ചു.

കൗരവസഭയിൽ ദുശ്ശാസനൻ പാഞ്ചാലിയുടെ വസ്ത്രാക്ഷേപം നടത്താനായി തുടങ്ങിയപ്പോൾ കൃഷ്ണാനുഗ്രഹത്താൽ പാഞ്ചാലിയെ വിവസ്ത്രയാക്കാൻ ദുശ്ശാസനന് കഴിയുന്നില്ല. പ്രബലരായ സഭയ്ക്കു മുന്നിൽ ഒരു സ്ത്രീയെ അബലയാക്കി അപഹാസ്യയാക്കാൻ കൃ ▸▸

ഷ്ണൻ അനുവദിക്കുന്നില്ല.

പാണ്ഡവവംശത്തെ മുഴുവൻ നശിപ്പിക്കാൻ തയ്യാറായി ഉത്തരയുടെ ഗർഭസ്ഥശിശുവിനെ കൊല്ലാൻ അശ്വത്ഥാമാവ് പുറപ്പെട്ടപ്പോൾ കൃഷ്ണൻ ഉത്തരയുടെ ഗർഭത്തിൽ പ്രവേശിച്ച് ഗർഭസ്ഥശിശുവിന്റെ രക്ഷകനായി. ഉത്തരയുടെ മാതൃത്വം നഷ്ടപ്പെടുത്തുവാൻ ശ്രമിച്ച അശ്വത്ഥാമാവിനെ കൃഷ്ണൻ ശപിക്കുന്നു. വെട്ടിയും കുത്തിയും സഹജീവികളെ ഒടുക്കി, സ്ത്രീകളോട് അതിക്രമങ്ങൾ നടത്തി ജീവിക്കുന്ന ഇന്നത്തെ ലോകസമൂഹത്തിന് മുമ്പിൽ കൃഷ്ണൻ സ്ത്രീസംരക്ഷകനായി നിലകൊള്ളുന്നു.

നരകാസുരനാൽ അപഹൃതരായി പീഡിതരായിരുന്ന 16000 സ്ത്രീകളെ കൃഷ്ണൻ നരകാസുരനെ വധിച്ച് രക്ഷിക്കുകയും ഭാര്യമാരാക്കി സംരക്ഷിക്കുകയും ചെയ്യുന്നു. സ്ത്രീകളോട് അതിക്രമം കാട്ടുന്നവർക്ക് തക്കതായ ശിക്ഷതന്നെ നല്കണം എന്ന് ഇവിടെ വ്യക്തമാണ്.

സ്ത്രീ എപ്പോഴും സംരക്ഷിക്കപ്പെടേണ്ടതാണ്. അബല എന്ന് മുദ്രകുത്തി അവളെ ഒരിക്കലും തകർക്കരുതാത്തതാണ്. സ്ത്രീ പ്രകൃതിതന്നെയാണ്. ഈ സ്ത്രീയെ, പ്രകൃതിയെ കയ്യേറ്റം ചെയ്താൽ ഓരോ ചരാചരത്തിന്റെയും നിലനില്പ്പുതന്നെ ദുർഘടത്തിലാകുന്നു. അതിനാൽ സ്ത്രീ സംരക്ഷിക്കപ്പെടുകതന്നെ വേണം.

## കൃഷ്ണൻ - ഒരു നല്ല പൗരൻ

രാഷ്ട്രത്തിന്റെ വളർച്ചയിൽ ഭാഗഭാക്കാവുകയാണ് പൗരധർമ്മം. താൻ നിലനിൽക്കുന്ന പ്രകൃതിയോടും പരിസ്ഥിതിയോടും ഇണങ്ങി മനുഷ്യരാശിയുടെ നിലനില്പുതന്നെ പരിസ്ഥിതിയിലാണെന്ന് കൃഷ്ണൻ തന്റെ ജീവിതത്തിലൂടെ സാക്ഷ്യപ്പെടുത്തുന്നു. ഗോക്കളേയും യമുനാനദിയേയും മന്ത്രമുഗ്ദമാക്കി കൃഷ്ണൻ തന്റെ യാത്ര തുടർന്നു. ഗോവിനെ മാതാവായി കരുതുന്നത് ഭാരതീയരുടെ പൈതൃകമാണ്. ഗോകുലത്തിൽ എന്നും ഗോമാതാവിനെ പൂജിക്കുന്നു. ക്ഷമയുടെ മൂർത്തിമദ്ഭാവമാണ് ഗോമാതാവ്. ഗോപരിപാലനവും ഗോദാനവും ഈശ്വരസേവനത്തിന് തുല്യമാണ്. ഒരു വ്യക്തിക്ക് ജീവതത്തിൽ പുരോഗതിക്ക് അവശ്യംവേണ്ട ഘടകമാണ് ക്ഷമ. അതുകൊണ്ട് ക്ഷമാശീലം എന്ന ഗുണം മനുഷ്യനെ മഹാമാനവനാക്കുന്നു. കൃഷ്ണജീവിതത്തിൽ പല സന്ദർഭങ്ങളിലും - ശിശുപാലനോടുള്ള വ്യവഹാരത്തിലും കൗരവസഭയിലും മറ്റും - ക്ഷമ തനിക്ക് എങ്ങനെ ഭൂഷണമാകുന്നുവെന്ന് കൃഷ്ണൻ കാണിച്ചുതരുന്നു.

കാളിയന്റെ വിഷത്താൽ മലിനമാക്കപ്പെട്ട യമുനാനദി കൃഷ്ണപ്രഭാ

വത്താൽ നിർമ്മലയായി. പ്രകൃതി പ്രതിഭാസങ്ങൾക്കുള്ള കാരണം പരിസ്ഥിതിയും മനുഷ്യന്റെ പ്രവൃത്തികളും ആണെന്ന് കൃഷ്ണൻ കാണിച്ചുതരുന്നു. ഗോവർദ്ധനപർവ്വതത്തെ പൂജിക്കുകവഴി പ്രകൃതിയെ പൂജിക്കുന്നു. ഗോവർദ്ധനപർവ്വതോദ്ധാരണം പ്രകൃതിതന്നെ അതിൻനിന്ന് സംരക്ഷണം തരുന്നു എന്നതിന് ഉത്തമോദാഹരണമാണ്. തന്റെ പേരിൽ ഒരു കളങ്കം വന്നാൽ അതു നീക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കണമെന്ന് കൃഷ്ണൻ സ്വഅനുഭവത്തിലൂടെ പ്രകടമാക്കുന്ന സത്രാജിത്തിന്റെ സ്യമന്തകം താനാണ് മോഷ്ടിച്ചതെന്ന കിംവദന്തി പരന്നപ്പോൾ കൃഷ്ണൻ സ്യമന്തകം അന്വേഷിച്ചിറങ്ങുകയും പ്രതിബന്ധങ്ങളെ തരണംചെയ്ത് സ്യമന്തകം കണ്ടുപിടിച്ച് സത്രാജിത്തിന് തിരിച്ചുനല്കുകയും ചെയ്യുന്നു. താൻ എന്ന വ്യക്തിക്കും താൻ ജീവിക്കുന്ന സമൂഹത്തിനും അധർമ്മത്തിന്റെ കറപുരളാതെ നോക്കേണ്ടത് ഓരോ പൗരന്റെയും ധർമ്മമാണ്.

## കൃഷ്ണൻ - ഒരു നല്ല കലാകാരൻ

കലാകാരന്റെ ധർമ്മം തന്റെ സുകുമാരകലകളിലൂടെ ജനഹൃദയങ്ങളെ ആനന്ദിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുക, ആയോധനകല മുതലായവയിലൂടെ തന്റെ പൗരുഷത്വവും ധൈര്യവും തെളിയിക്കുക, മറ്റുള്ളവയിലൂടെ തന്റെ പാണ്ഡിത്യവും ബുദ്ധിയും വർദ്ധിപ്പിക്കുകയും തെളിയിക്കുകയും ചെയ്യുക എന്നതാണ്. നൃത്തഗീതവിശാരദനാണ് കൃഷ്ണൻ. തന്റെ മനോഹരമായ വേണുഗാനത്താൽ സർവ്വചാരചരത്തേയും അദ്ദേഹം ആനന്ദസാഗരത്തിൽ ആറാടിക്കുന്നു. പാൽ കുടിക്കാൻ മറന്നുനില്ക്കുന്ന പശുകിടാങ്ങളും ഒഴുകാൻ വിസമ്മതിക്കുന്ന യമുനയിലെ ഓളങ്ങളും എല്ലാം ഇതിന് ഉദാഹരണങ്ങളാണ്. പരിസരത്തെതന്നെ മറന്ന് ഒരൊറ്റ ബിന്ദുവിൽമാത്രം മനസ്സ് കേന്ദ്രീകരിക്കുന്നത് ധ്യാനാവസ്ഥയാണ്. സർവ്വചരാചരങ്ങളും ആ അവസ്ഥയിൽ എത്തിച്ചേരുന്നു. കാളിയമർദ്ദന സന്ദർഭത്തിൽ കൃഷ്ണന്റെ നടനവൈഭവമാണ് പ്രകടമാകുന്നത്. ആസക്തികളെ (നാഗങ്ങളെ) മുഴുവൻ തന്റെ കാൽച്ചുവട്ടിലാക്കി തന്റെ നൃത്തത്താൽ അദ്ദേഹം ശോഭിതനാകുന്നു. തന്റെ വാക്ധോരണിയാലും ക്രിയാപാടവങ്ങളാലും കൃഷ്ണൻ ധർമ്മത്തിന്റെ പാതയിലേയ്ക്ക് ചരാചരങ്ങളെ നയിക്കുന്നു.

പാണ്ഡവന്മാരാൽ കൊല്ലപ്പെട്ട ദുര്യോധനാദികളുടെ അമ്മയായ ഗാന്ധാരിയുടെ മുന്നിൽ യുദ്ധാവസാനം ശ്രീകൃഷ്ണൻ നിന്നപ്പോൾ യുദ്ധത്തിലും ജീവിതത്തിലുടനീളവും പാണ്ഡവസഹായിയായി വർത്തിച്ച അദ്ദേഹത്തിന്റെ അചഞ്ചലവും നിഷ്കപടവും മാധുര്യമേറു ▸▸

ന്നതുമായ ആ മുഖം; അതുപോലെ യുദ്ധാവസാനം പിതൃഹത്യയാൽ വിറളിപൂണ്ട് പ്രതികാരത്താൽ പുകയുന്ന മനസ്സുമായി പാണ്ഡവരുടെ ഒരേയൊരു പിൻതലമുറയായ ഉത്തരയുടെ ഗർഭത്തിലേയ്ക്ക് അശ്വത്ഥാമാവ് ബ്രഹ്മാസ്ത്രം തൊടുത്തപ്പോൾ നൈഷ്ഠികബ്രഹ്മചാരിയായ ആ ശ്രീകൃഷ്ണ പരമാത്മാവിന്റെ ധർമ്മപരിപാലന ദൗത്യത്തോടെയുള്ള മുഖം; സ്വവംശം പരസ്പരകലഹത്തോടെ നാശമടയുന്ന രംഗം കാണുന്ന ഉദാസീനമായ ആ ശ്രീകൃഷ്ണമുഖം; ധർമ്മപരിപാലനം എന്ന ദൗത്യം വിജയകരമായി പൂർത്തിയാക്കാൻ എത്രത്തോളം ആത്മീയപ്രഭാവം നേടണമെന്ന സന്ദേശം നമ്മോട് ഓതുന്നു. സാക്ഷാത് ഭഗവാനു മാത്രമേ ആത്മീയ പ്രഭാവമുണ്ടാവുകയുള്ളൂ.

എല്ലാവർക്കും ഭഗവദ്തത്ത്വത്തിലേയ്ക്കുയരാം എന്ന സന്ദേശവും ധർമ്മപരിപാലനത്തിലൂടെ സൂക്ഷിച്ചുനോക്കിയാൽ മനസ്സിലാകും. എന്തെന്നാൽ അദ്ദേഹത്തിന്റെ ധർമ്മപരിപാലനദൗത്യത്തെ ഇപ്രകാരം കാണാം. തന്നെ ഏതു വിധേനയും ആശ്രയിക്കുന്നവരുടെ യോഗത്തേയും ക്ഷേമത്തേയും അദ്ദേഹം നടത്തുകയും സ്വകുടുംബത്തിലേയും ബന്ധുകുടുംബത്തിലേയും മറ്റു ലോകങ്ങളിലേയും അധാർമ്മികത ഇല്ലാതാക്കി ധർമ്മസംസ്ഥാപനം ചെയ്യുകയും തന്റെ പേരിനും പേരുദോഷത്തിനും വലിയ വിലകല്പിക്കാതെ എല്ലാ പ്രവർത്തനവും ലോകോപകാരമായി  ധർമ്മത്തിൽപോലും ആസക്തിയില്ലാതെ നിർവ്വഹിച്ച് മനുഷ്യനിൽനിന്ന് ഈശ്വരത്വത്തിലേയ്ക്കുള്ള മാനവരുടെ പ്രയാണത്തിന് ഗുരുവായി നിൽക്കുകയും ചെയ്തു എന്നതുതന്നെയാണ് ശ്രീകൃഷ്ണന്റെ ധർമ്മപരിപാലനദൗത്യം. ■

## തന്ത്രശാസ്ത്രത്തിന് ഒരു ആമുഖം

സി.എം. കൃഷ്ണനുണ്ണി

(2002-ൽ കണ്ണൂർ സാധു കല്യാണമണ്ഡപത്തിൽ ശിർദ്ദിസായി സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന തന്ത്രശാസ്ത്ര മനനസത്രത്തിൽ അവതരിപ്പിച്ച പ്രബന്ധം)

ഏറെ ആഴവും പരപ്പും കലർപ്പുമുള്ള തന്ത്രശാസ്ത്രത്തെക്കുറിച്ച് ആമുഖമായി വിവരിക്കുന്നതുപോലും സാഹസമാണ്. പലതും പരസ്യമായി വ്യക്തമാക്കുവാൻ പാടില്ലാത്തതാണ്. എല്ലാം അറിയുക എന്നത് അസാദ്ധ്യവുമാണ്. ആ നിലയ്ക്ക് പരാശക്തി തോന്നിക്കുന്ന മുറയ്ക്കും അളവിലും ചിലത് വ്യക്തമാക്കുവാൻ മാത്രമാണ് ഉദ്ദേശിക്കുന്നത്.

തന്ത്രം ഏതുകാലത്ത് എവിടെ ആവിർഭവിച്ചു എന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ കൃത്യമായി പറയുവാൻ സാദ്ധ്യമല്ല. അതിന്റെ പഴക്കം ഊഹാതീതമാണ്. അതിന് ഭാരതത്തിനകത്തുമാത്രം പരിധി നിശ്ചയിച്ചുകാണുന്നതും ശരിയല്ല. ഗണനാതീത കാലത്തെ പഴക്കവും സർവ്വദേശീയ സ്വഭാവവുമാണ് തന്ത്രത്തിനുള്ളത്.

ക്രിസ്തുവർഷം 2-ാം നൂറ്റാണ്ട് മുതൽ തന്ത്രശാസ്ത്രം ഇവിടെ വളർന്നു വികാസംകൊണ്ടു എന്ന ഒരു അനുമാനമുണ്ട്. ആദിമ മനുഷ്യൻ അനുശീലിച്ചുവന്ന താന്ത്രികതകൾക്ക് ഇക്കാലം മുതൽ ചിട്ടയും വ്യവസ്ഥയും ഉണ്ടായി എന്നേ ഇതിന് അർത്ഥമുള്ളൂ എന്നു തോന്നുന്നു.

അമേരിക്കയിലെ കറുത്തവർഗ്ഗക്കാർക്കിടയിലും ആഫ്രിക്കയിലും ഇന്ത്യയടക്കമുള്ള തെക്കുകിഴക്കൻ രാജ്യങ്ങളിലെ ഗോത്രവർഗ്ഗക്കാർക്കിടയിലും മാത്രമേ തന്ത്രത്തിനും മന്ത്രവാദത്തിനും പ്രചാരമുണ്ടായിരുന്നുള്ളൂവെന്ന് പാശ്ചാത്യ ക്രിസ്ത്യൻ മിഷണറിമാർ പ്രചരിപ്പിച്ചുപോന്നത് വാസ്തവവിരുദ്ധമാണ്. പ്രാചീനകാലത്ത് യൂറോപ്പിലും പശ്ചിമേഷ്യൻ രാജ്യങ്ങളിലും ഇത് പ്രചാരത്തിലുണ്ടായിരുന്നു. ഗ്രീക്ക്-റോമൻ പുരാണങ്ങളിൽ ആകാശചാരികളായ ദേവതകളെക്കുറിച്ചുള്ള കഥകൾ കാണാം. ഗ്രീസ്സിലെ ഫാലസ്സിന് ശിവലിംഗവുമായി താത്വികസമാനതയുണ്ടെന്നാണ് പറയപ്പെടുന്നത്. സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ 'ഡ്രോൾ' എന്ന വനദേവത ആരാധിക്കപ്പെട്ടിരുന്നു. ഷെയ്ക്സ്പിയറുടെ 'മാക്ബത്ത്' എന്ന സുപ്രസിദ്ധമായ നാടകത്തിന്റെ ആദ്യരംഗത്തിൽ മൂന്നു യക്ഷികളാണല്ലോ പ്രത്യക്ഷപ്പെടുന്നത്.

സ്കോട്ടിഷ് നാടോടിക്കഥകളിലും അദൃശ്യശക്തികളുടെ സ്വാധീനം കാണാം. ജർമ്മനി തുടങ്ങിയ പശ്ചിമയൂറോപ്യൻ രാജ്യങ്ങളിലെ പുരാണങ്ങളിൽ കാണുന്ന 'ബാഗ് പൈപ്പർ' നമ്മുടെ നാട്ടിലെ 'ബാലപ്രദക്ഷിണി'യുടെ ഛായയിലുള്ളതാണ്. തന്ത്രമാർഗ്ഗത്തിലെ ചീനാചാരം തുടങ്ങിയ പരാമർശങ്ങൾ തന്ത്രവുമായി ആ രാജ്യത്തിനുണ്ടായിരുന്ന ബന്ധത്തെ സൂചിപ്പിക്കുന്നു. ചൈനയിലെ 'താവോയിസ'വുമായി തന്ത്രത്തിന് പല സമാനതകളുമുണ്ട്. ചൈനീസ് 'യിൻ-യാങ്' സങ്കല്പം നമ്മുടെ ശിവശക്തി സങ്കല്പം തന്നെയാണ്. 'യിൻ' എന്നതുകൊണ്ട് സ്ത്രൈണശക്തിയും 'യാങ്' എന്നതുകൊണ്ട് പുരുഷശക്തിയുമാണ് സൂചിപ്പിക്കപ്പെടുന്നത്. തമിഴ് നാട്ടിലെ സിദ്ധാചാരത്തിന് ചൈനീസ് താന്ത്രികതയുമായുള്ള ബന്ധവും സൂചിപ്പിക്കട്ടെ. സിദ്ധയോഗിയായ 'ഭോഗർ' ചൈനക്കാരനാണെന്നാണ് വിശ്വാസം. പഴനിയിലെ പാഷാണശിലയിലുള്ള സുബ്രഹ്മണ്യപ്രതിഷ്ഠ 'ഭോഗർ' നടത്തിയതാണെന്നാണ് ഐതിഹ്യം.

ഒരു ഗ്രന്ഥവും ഒരു ദൈവവും - അതിനപ്പുറം ഒന്നുമുണ്ടാവുകയും ഒന്നുമുണ്ടാവാൻ പാടുകയുമില്ല എന്ന ക്രിസ്ത്യൻ സെമറ്റിക് മുഷ്ക്ക് പല പ്രദേ ▸▸

ശത്തേയും ഗോത്രവർഗ്ഗസംസ്കൃതികൾക്ക് നാശം വരുത്തിയ കൂട്ടത്തിൽ പലയിടത്തെയും താന്ത്രിക പാരമ്പര്യങ്ങളും മൺമറയുകയായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസവും പാശ്ചാത്യസ്വാധീനവും നമ്മുടെ നാട്ടിലെ പ്രാദേശീയ താന്ത്രികപാരമ്പര്യത്തിനും വിനയായിട്ടുണ്ട്. ഈ പരിത സ്ഥിതയിലും ന്യൂയോർക്ക്, ഷിക്കാഗോ തുടങ്ങിയ അമേരിക്കൻ നഗര ങ്ങളിൽപോലും പല സിദ്ധിവിശേഷങ്ങളുമുള്ള മന്ത്രവാദിനികൾ ഇന്നും ഉണ്ടെന്നാണ് അറിയുന്നത്. ഇന്ന് ബദൽ ചികിത്സാരംഗത്ത് പുതുതായി പ്രചാരത്തിലെത്തിയ 'മാഗ്നിഫൈഡ് ഹീലിങ്' എന്ന സമ്പ്രദായം , ' താര' എന്ന ദേവതയെ കാതറിൻ ആൻഡേഴ്സൺ, ജിസ്സേ കിംഗ് എന്നീ അമേരിക്കൻ വനിതകൾ സാധനചെയ്ത് ആവിഷ്കരിച്ചതാണത്രെ. ആധു നിക ലോകത്തിൽ പ്രചാരമേറുന്ന 'റെയ്കി' എന്ന ചികിത്സാരീതിക്കും തന്ത്രവുമായി വളരെ ബന്ധമുണ്ട്.

രസതന്ത്രമടക്കമുള്ള ശാസ്ത്രശാഖകൾക്കും വൈദ്യശാസ്ത്രത്തിനും മത ദർശനങ്ങൾക്കും തന്ത്രശാസ്ത്രം നല്കിയ സംഭാവനകൾ അമൂല്യങ്ങളാണ്. നാളന്ദ, തക്ഷശില, ഉദയപുരം, വിക്രമശില, മഗധ എന്നീ സ്ഥലങ്ങൾ പുരാതന താന്ത്രികകേന്ദ്രങ്ങളായിരുന്നു. താന്ത്രികസംസ്കാരത്തിൽ നിന്നാണ് ചാർവാകം, സാംഖ്യം, യോഗം എന്നീ ദർശനങ്ങൾ വികാ സംകൊണ്ടത്. സിന്ധുസംസ്കാരാവശിഷ്ടങ്ങളിൽനിന്ന് ലഭിച്ച യോഗമു ദ്രകൾ ഇതിന് തെളിവാണ്. സാംഖ്യ-യോഗ മാർഗ്ഗങ്ങളിൽനിന്നാണ് ആയുർവേദത്തിന്റെ ഉത്ഭവം. ചരകൻ ഒരു തന്ത്രയോഗിയും സാംഖ്യ നുമായിരുന്നുവത്രെ. ശൈവ-ബൗദ്ധതാന്ത്രികന്മാരാണ് രസതന്ത്രശാഖ വികസിപ്പിച്ചെടുത്തത്. ഒന്നാന്തരം മദ്യം ഉല്പാദിപ്പിക്കുന്ന വിദ്യ മുതൽ പ്രപഞ്ചോൽപ്പത്തി രഹസ്യംവരെ താന്ത്രികമായ ഈടുവെപ്പുകളിൽ പെടുന്നു.

ഭൂമിയിലെ മനുഷ്യന്റെ ആവിർഭാവം സംബന്ധിച്ച ആധുനിക ച രിത്രത്തിന്റെ അനുമാനം അടിസ്ഥാനരഹിതമായതിനാൽ താന്ത്രിക സംസ്കാരത്തിന്റെ പഴക്കം സംബന്ധിച്ച ചരിത്രകാരന്മാരുടെ നിഗമന വും തെറ്റാവാതിരിക്കുവാനിടയില്ല. ഭൂമിക്ക് 4500 കോടി വർഷത്തെ പ ഴക്കമാണ് ഊഹിക്കപ്പെടുന്നത്. ദക്ഷിണാഫ്രിക്കൻ ഭാഗത്ത് 18 ലക്ഷം വർഷം പഴക്കമുള്ള ഫോസിൽ കണ്ടെത്തിയിരിക്കുന്നു. ഈ പശ്ചാത്ത ലത്തിൽ ഭൂമിയിൽ മനുഷ്യവാസം ആരംഭിച്ചിട്ട് 6015 വർഷം മാത്രമേ ആയിട്ടുള്ളുവെന്ന് ബൈബിളിനെ ആസ്പദമാക്കിയ നിഗമനം എങ്ങനെ ശരിയാവും? ബി.സി. 4004ഉം എ.ഡി. 2011ഉം കൂട്ടിയുണ്ടാക്കിയ കണ ക്കാണ് 6015 വർഷം എന്നത്. ബി.സി. - എ.ഡി. വേർതിരിവുകൾ നമ്മു ടെ പുരാതന കാലത്തേയ്ക്കുള്ള എത്തിനോട്ടത്തെ വളരെയേറെ പ്രതികൂല മായി ബാധിക്കുന്നു.

നമ്മളിന്ന് ജീവിക്കുന്നത് ഭാരതീയ കാലഗണനനയനുസരിച്ച് ശ്രീകൃഷ്ണപരമാത്മാവ് സ്വധാമം പൂകിയതിനുശേഷം 5113 വർഷം പിന്നിട്ടു കഴിഞ്ഞ കാലത്താണ്. കലിയുഗം ആരംഭിച്ചതിൽപിന്നെയാണ് ഭഗവാന്റെ സ്വധാമഗമനമുണ്ടായത്. 17 ലക്ഷത്തി 28 ആയിരം വർഷത്തെ കൃതയുഗവും 12 ലക്ഷത്തി 96 ആയിരം വർഷത്തെ ത്രേതായുഗവും 8 ലക്ഷത്തി 64 ആയിരം വർഷത്തെ ദ്വാപരയുഗവും പിന്നിട്ടശേഷമാണല്ലോ 4 ലക്ഷത്തി 32 ആയിരം വർഷത്തെ കലിയുഗം ആരംഭിക്കപ്പെട്ടിരിക്കുക. കൃതയുഗം മുതൽ കലിയുഗം കൂട്ടിയ ഈ ചതുർയുഗം ആദ്യത്തേതല്ലെന്നുമോർക്കണം. 1000 ചതുർയുഗങ്ങൾ ചേർന്ന മന്വന്തരത്തിന്റെയും കണക്കുകൾ വേറെ കിടക്കുന്നു. 30 കോടി വർഷം കൂടിയതാണത്രെ ഒരു മന്വന്തരം. തന്ത്രത്തിന്റെ ആവിർഭാവകാലഘട്ടത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ചതുർയുഗങ്ങളുടെ വിപുലവിശാലതയെയാണ് ആധാരമാക്കേണ്ടത്.

(തുടരും)

## സാംഖ്യദർശനം

ജിൽഷ എ.

### സത്കാര്യവാദം

പ്രധാന സിദ്ധിക്കായിക്കൊണ്ട് സാംഖ്യദർശനത്തിൽ 'സത്കാര്യവാദം' പറയുന്നു. അതനുസരിച്ച് കാര്യം സത് ആണ്. അതായത് കാരണ വ്യാപാരത്തിനു മുമ്പും കാര്യത്തിന് അവ്യക്തമായ രൂപത്തിൽ സത്ത ഉണ്ട്. സത്തായ കാര്യം സത്തായ കാരണത്തിന്റെ ഉത്പന്നമാണ്. കാരണ വ്യാപാരത്തിനു മുമ്പ് കാര്യം അസത് ആണെങ്കിൽ കാര്യം ഉത്പന്നമാകുന്നില്ല. മണലിൽനിന്നും ഒരിക്കലും എത്ര ശ്രമിച്ചാലും എണ്ണ ലഭിക്കുന്നില്ല. ഈ ലോകത്തിൽ ഒരുവൻ എന്താണോ അർത്ഥിക്കുന്നത് അതിന്റെ ഉപാദാന കാരണത്തെയാണ് സ്വീകരിക്കുന്നത്. അതായത് വെണ്ണ ആഗ്രഹിക്കുന്നവൻ അതിന്റെ ഉപാദാനകാരണമായ പാലിനെയാണ് സ്വീകരിക്കുന്നത് അല്ലാതെ ജലത്തെയല്ല. കൂടാതെ എല്ലാ കാരണത്തിൽനിന്നും എല്ലാ കാര്യവും ഉണ്ടാകുന്നില്ല. മണ്ണുകൊണ്ട് കുടമല്ലാതെ വസ്ത്രം ഉണ്ടാക്കാൻ ഒരിക്കലും സാദ്ധ്യമല്ലല്ലോ. ഒരു കാര്യത്തിന്റെ ഉത്പത്തിക്ക് ശക്തമായിരിക്കുന്ന കാരണത്തിൽനിന്നും മാത്രമേ ശക്യമായ കാരണം ഉണ്ടാകുന്നുള്ളൂ. എള്ളിൽനിന്നേ എണ്ണ ഉണ്ടാകുന്നുള്ളൂ. കാരണം ഏതു പ്രകാരമാണോ അതുപോലെതന്നെയാണ്, ആ ലക്ഷണത്തോടുകൂടിയതാണ്, കാര്യവും. അതായത് കാര്യം കാരണത്തിൽ ▸▸

നിന്നും അഭിന്നമാണ്. നൂലിന്റെ ധർമമായ വസ്ത്രം നൂലിൽനിന്നും ഭിന്ന മല്ലാത്തതുപോലെ പ്രപഞ്ചത്തിലെ സകല കാര്യങ്ങളും അവയുടെ കാര ണത്തിന്റെ ധർമമാണ്. ഇതിൽനിന്നെല്ലാം കാര്യം കാരണത്തിൽ സ ത് ആണെന്നു കാണാം. ഇപ്രകാരം പ്രപഞ്ചത്തിന്റെ കാരണഭൂതമായ പ്രകൃതിയിൽ മഹത് തുടങ്ങിയ ലിംഗങ്ങൾ കാര്യങ്ങൾ അടങ്ങിയിട്ടുണ്ട് എന്ന് സിദ്ധമാകുന്നു. അതുകൊണ്ട് സത്-ൽനിന്നുതന്നെയാണ് ഉത്പ ത്തി അസത്-ൽ നിന്നല്ല. എന്ന് സത്കാര്യവാദത്തിലൂടെ മനസ്സിലാ ക്കാം.

## പ്രകൃതിസ്വരൂപം

സാംഖ്യദർശനത്തിലെ ഒന്നാമത്തെ തത്വമാണ് പ്രകൃതി. ഈ ജഗ ത് അചേതനമായ പ്രകൃതിയുടെ വികാരം അഥാവാ പരിണാമം ആണ്. പ്രകൃതിക്ക് പ്രധാനം എന്ന മറ്റൊരു പേരുകൂടി നിർദ്ദേശിക്കപ്പെട്ടിരിക്കു ന്നതുതന്നെ ജഗത്തിന്റെ രണ്ട് അവസ്ഥകളായ സർഗം, പ്രളയം എന്നി വയെ ഉദ്ദേശിച്ചുകൊണ്ടാണ്. അതായത് പ്രകൃതി എന്ന പദത്തിന് 'പ്ര കർഷേണ ക്രിയതേ' എന്ന് അർത്ഥം. അപ്പോൾ ഏതൊന്നു കാരണമാ ണോ ഈ ജഗത് ഉത്പന്നമാവുന്നത്, സൃഷ്ടിക്കപ്പെടുന്നത് അത് പ്രകൃതി എന്നും പ്രധാനം എന്നതിന് 'പ്രകർഷേണ ധീയതേ', 'അന്തർലീയതേ' എന്നർത്ഥം. ഈ ജഗത് ഏതൊന്നിലാണോ ലയിക്കുന്നത്, അന്തർലീ നമാകുന്നത് അത് പ്രധാനം എന്നും വരുന്നു. സാംഖ്യഗ്രന്ഥങ്ങളിൽ പ്ര കൃതിയുടെ അനേകവിധത്തിലുള്ള സവിശേഷതകൾ മുൻനിർത്തിക്കൊ ണ്ട് പരിണാമിതി, പ്രസവധർമിണി, തമസ്, അവ്യക്തം, അക്ഷരം, ബ്ര ഹ്മ, മായാ, അവിദ്യാ, ശക്തി, അജാ, ക്ഷേത്രം എന്നിങ്ങനെ ധാരാളം പര്യായനാമങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

ജഗത്സൃഷ്ടിയുടെ മൂലകാരണമാണ് പ്രകൃതി. എന്നാലിതിന് ഒരു കാ രണവുമില്ല. അതായത് പ്രകൃതി ഒന്നിന്റെയും കാര്യമല്ല. കാരണജന്യമ ല്ലാത്തതുകൊണ്ടുതന്നെ അത് നിരാശ്രയയാണ്, നിത്യയുമാണ്. മറ്റെല്ലാ കാര്യങ്ങളിലും പ്രകൃതിയുടെ സംബന്ധം ഉള്ളതുകൊണ്ട് ഏകയാണ്. മൂ ന്നു ലോകത്തിനും കാരണമായി പ്രകൃതി ഒന്നേ ഉള്ളൂ. പ്രളയകാലത്ത് പ്ര കൃതിയിൽ എല്ലാം ലയിക്കുന്നു. എന്നാൽ പ്രകൃതി ഒന്നിലും ലയിക്കുന്നി ല്ല. അതുകൊണ്ട് അത് അലിംഗമാണ്. ഇവിടെ ലിംഗം എന്നതിന് ലയ നശീലമുള്ളത് എന്ന് താത്പര്യം. സംയോഗാദിധർമ്മങ്ങൾ ഇല്ലാത്തതു കൊണ്ട് നിരവയവിയാണ്. ബുദ്ധി തുടങ്ങിയവയുമായി പ്രധാനത്തിന് സംയോഗം ഇല്ല. കാര്യോത്പത്തിയിൽ സ്വയം സമർത്ഥയായതുകൊ ണ്ട് സ്വതന്ത്രയാണ്. കൂടാതെ ത്രിഗുണങ്ങളുടെ സാമ്യാവസ്ഥയാണ് പ്ര ധാനം. എന്നാൽ അത് ഒരിക്കലും ത്രിഗുണത്തിന് ആധാരമല്ല. 'സത്വാ

ദീതമതദ്ധർമത്വം തദ്രൂപത്വത് എന്നതുകൊണ്ട് സത്വാദിഗുണങ്ങളുടെ ധർമങ്ങളായ സുഖം, ദുഃഖം, മോഹം എന്നിവയുടെ ആധാരമാണത്. ഈ ത്രിഗുണങ്ങളെ പ്രകൃതിയിൽനിന്നും വേർതിരിക്കാൻ കഴിയാത്തതുകൊണ്ട് അത് അവിവേകിയാണ്. ഒരു വ്യക്തിയിൽനിന്നും അയാളുടെ പ്രകൃതിയെ വേർതിരിക്കാൻ കഴിയില്ലല്ലോ. ഗ്രഹണയോഗ്യയായതുകൊണ്ട് വിഷയവും. ഒരേ സമയം അനേകം പുരുഷന് പ്രാപ്യമായതുകൊണ്ട് സാമാന്യയും ആണ്. സുഖ, ദുഃഖ മോഹങ്ങൾക്ക് ആധാരമാണെങ്കിലും അവകൊണ്ട് പ്രകൃതിയിൽ ചേതന ഉണ്ടാകത്തതുകൊണ്ട് അചേതനയുമാണ്. മഹതാദി ലിംഗങ്ങളെ ജനിപ്പിക്കുന്നുവെന്നതുകൊണ്ട് പ്രസവധർമിണിയുമാണ് പ്രകൃതി. അതായത് സമാനവും അസമാനവുമായ പരിണാമങ്ങൾ പ്രകൃതിയിൽനിന്ന് സദാ ജനിച്ചുകൊണ്ടിരിക്കുന്നു.

## വ്യക്തം

അവ്യക്തത്തിന്റെ ഉത്പന്നമാണ് വ്യക്തം. അതായത് വ്യക്തം പ്രകൃതിയുടെ കാര്യമാണ്. ഇത് പ്രകൃതിക്ക് സമാനവും അസമാനവുമാണ്. പിതാവിന് തുല്യനായ പുത്രനും അതുല്യനായ പുത്രനും ഉണ്ടാകാറുണ്ടല്ലോ. വ്യക്തം കാരണജന്യമാണ്, അതിന്റെ ഉത്പത്തിക്ക് ഒരു കാരണം ഉണ്ട്. അതായത് മഹത് തത്വത്തിന്റെ കാരണം പ്രധാനം, അഹങ്കാരത്തിന്റെ കാരണം മഹത് തത്വം എന്നിങ്ങനെ. ഇപ്രകാരം കാരണജന്യങ്ങളായതുകൊണ്ടുതന്നെ അവ അനിത്യങ്ങളുമാണ്. മണ്ണിൽ നിന്നുണ്ടാകുന്ന കുടം നശിക്കുന്നതുപോലെ അവ നാശമുള്ളവയുമാണ്. സത്കാര്യവാദമനുസരിച്ച് ഒരു വസ്തുവും യഥാർത്ഥത്തിൽ അനിത്യങ്ങളല്ല. 'നാശഃ കാരണലയഃ' എന്ന സാംഖ്യസൂത്രമനുസരിച്ച് സൂക്ഷ്മരൂപത്തിൽ തങ്ങളുടെ മൂലകാരണത്തിലേയ്ക്ക് ലയിക്കുന്നുവെന്നാണ് ഇവിടെ നാശം എന്നതുകൊണ്ടർത്ഥമാക്കുന്നത്. ഇതിൽനിന്നും ഒരു നിശ്ചിത പരിധി കഴിയുമ്പോൾ അവയ്ക്ക് നാശം സംഭവിച്ച് കാരണത്തിൽ ലയിക്കുന്നുവെന്ന് മനസിലാക്കാം. ഇത് അവ്യാപിയാണ്. അതുകൊണ്ടുതന്നെ ക്രിയാശീലത്തോടുകൂടിയതുമാണ്. അതായത് ആഭ്യന്തരബാഹ്യകാരണങ്ങൾ മുഖേന സൂക്ഷ്മശരീരത്തെ ആശ്രയിച്ച് സഞ്ചരിക്കുന്നു. ഇതിന് സജാതീയമായ അനേകം ഭേദങ്ങൾ ഉള്ളതുകൊണ്ട് ഇത് അനേകമാണ്. ഇല്ലെങ്കിൽ എല്ലാവരിലും ഒരേ തരത്തിലും തോതിലുമുള്ള ബുദ്ധി ഉണ്ടാവേണ്ടതല്ലേ. പക്ഷേ ഓരോരുത്തരിലും ബുദ്ധി വ്യത്യസ്തമാണ്. മഹതാദിതത്വങ്ങൾ സ്വന്തം കാര്യങ്ങളെ സൃഷ്ടിക്കുന്നതിൽ തങ്ങളുടെ കാരണങ്ങളെ എപ്പോഴും ആശ്രയിക്കുന്നു. മഹത് തത്വത്തെ ആശ്രയിച്ച് അഹങ്കാരം പഞ്ചതന്മാത്രകളെ സൃഷ്ടിക്കുന്നു. അതുകൊണ്ട് അവ ആശ്രിതങ്ങളാണ്. പ്രളയകാലത്ത് മഹതാദി തത്വങ്ങൾ അവരവരുടെ കാര

ണങ്ങളിൽ ലയിക്കുന്നതുകൊണ്ട് ലിംഗമാണ്. പ്രളയകാലത്ത് ആകാശാദി പഞ്ചമഹാഭൂതങ്ങൾ ശബ്ദം തുടങ്ങിയ പഞ്ചതന്മാത്രകളിലും ഈ പഞ്ചതന്മാത്രകൾ അഹങ്കാരത്തിലും അഹങ്കാരം ബുദ്ധിയിലും (മഹത്) ബുദ്ധി പ്രധാനത്തിലും ലയിക്കുന്നു. ഇപ്രകാരം പരസ്പരം മേളനം നടക്കുന്നതുകൊണ്ട് അത് അവയവിയുമാണ്. അവയവ അവയവിസംയോഗം എന്നാണ് ഇവിടെ അർത്ഥകല്പന.

ഈ വ്യക്തത്തിന് കാരണമായ അവ്യക്തത്തോട് ചില സമാനതകളും ഉണ്ട്. അവ്യക്തത്തെപ്പോലെ വ്യക്തവും ത്രിഗുണാത്മകമാണ്. വ്യക്തത്തിൽനിന്നും ത്രിഗുണങ്ങളെ വേർതിരിക്കാൻ കഴിയുന്നില്ല. അതുപോലെത്തന്നെ കാരണത്തിൽനിന്നും കാരണത്തെയും, അതുകൊണ്ട് വ്യക്തം അവിവേകിയാണ്. ഗ്രഹണയോഗ്യമായതുകൊണ്ട് വിഷയവും, സാമാന്യവും അചേതനവും, അഹങ്കാരാദി തത്വങ്ങളെ ജനിപ്പിക്കുന്നതുകൊണ്ട് പ്രസവധർമത്തോടുകൂടിയതുമാണ്.

## ത്രിഗുണം

ത്രിഗുണാത്മകമാണ് പ്രകൃതി. അതുകൊണ്ടുതന്നെ പ്രകൃതിയിൽ നിന്നും ഉത്പന്നമാകുന്ന എല്ലാ പദാർത്ഥങ്ങളും ത്രിഗുണയുക്തങ്ങളാണെന്നും പറഞ്ഞു. എന്നാൽ എന്താണ് ത്രിഗുണം അതിന്റെ സ്വഭാവമെന്ത് എന്നെല്ലാം ഇനി നോക്കാം.

സത്വം, രജസ്, തമസ് എന്നിവയാണ് ത്രിഗുണങ്ങൾ. ഇവ ക്രമേണ സുഖാത്മകവും, ദുഃഖാത്മകവും മോഹാത്മകവുമാണ്. പൊതുവെ ദുഃഖമില്ലാത്ത അവസ്ഥ സുഖം, സുഖം ഇല്ലാത്ത അവസ്ഥ ദുഃഖം എന്നിങ്ങനെയാണ് പറയാറുള്ളത്. എന്നാൽ സാംഖ്യദർശനമനുസരിച്ച് ഒന്നും മറ്റൊന്നിന്റെ അഭാവംകൊണ്ടുണ്ടാകുന്നതല്ല. നേരേമറിച്ച് ത്രിഗുണങ്ങളുടെ രൂപങ്ങളാണ്. ഇവയെല്ലാംതന്നെ വിവിധങ്ങളായ നിമിത്തം ഉണ്ടാകുമ്പോൾ പ്രകടമാകുന്നു. തക്കതായ കാരണങ്ങൾ ഉണ്ടാകുമ്പോൾ മാത്രമേ ഈ ത്രിഗുണ സ്വഭാവങ്ങൾ പ്രകടമാകുന്നുള്ളൂ എന്ന് സാരം.

ലഘുത്വവും പ്രകാശകത്വവും സത്വഗുണത്തിന്റെ ലക്ഷണങ്ങളാണ്. സത്വഗുണാധിക്യം ഉണ്ടാകുമ്പോൾ ശരീരം ലഘുവാകുകയും തത്ഫലമായി ഇന്ദ്രിയങ്ങൾക്ക് വിഷയഗ്രഹണശേഷി വർദ്ധിക്കുകയും ചെയ്യുന്നു. അപ്പോൾ പ്രീതി, സരളത, മൃദുലത, സന്തോഷം, ശ്രദ്ധ, ക്ഷമ തുടങ്ങിയ സുഖപ്രദാനങ്ങളായ ഭാവങ്ങൾ വ്യക്തിയിൽ ഉണ്ടാവുന്നു. ഉത്തേചകത്വവും ക്രിയാത്മകവുമാണ് രജോഗുണത്തിന്റെ ലക്ഷണങ്ങൾ. ഒഴുകിക്കൊണ്ടിരിക്കുന്ന നദീജലം അചലങ്ങളായ പാഷാണാദികളിൽ എപ്രകാരമാണോ ചലനത്തെ ഉണ്ടാക്കുന്നത് അപ്രകാരം രജോഗുണം സത്വതമോഗുണങ്ങളെ പ്രവർത്തനക്ഷമമാക്കുന്നു. രജോഗുണാധിക്യംകൊണ്ട്

അപ്രീതിജനകങ്ങളായ ദേഷ്യം, മാത്സര്യം, നിന്ദ, മദം തുടങ്ങിയ ഭാവങ്ങൾ ഉണ്ടാവുക നിമിത്തം വ്യക്തി ദുഃഖത്തിന് പാത്രീഭൂതരായിത്തീരുന്നു. ഗുരുത്വവും പ്രതിബന്ധകത്വവുമാണ് തമോഗുണത്തിന്റെ ലക്ഷണം. സത്വരജസുകളുടെ പ്രവൃത്തികളിൽ തടസം (ബാധ) സൃഷ്ടിക്കുന്നത് തമോഗുണമാണ്. സത്വതമോഗുണങ്ങളുടെ പ്രവൃത്തികളെ നിയന്ത്രിക്കുന്നതും തമോഗുണംതന്നെ. തമോഗുണാധിക്യത്താൽ വിരഹം, ഭയം, അവിശ്വാസ്യത, കുടിലത, ആലസ്യം തുടങ്ങിയ ഭാവങ്ങൾ ഉണ്ടായി വിഷാദമനസ്സോടുകൂടിയവരായിത്തീരുന്നു.

ഈ ത്രിഗുണങ്ങൾക്ക് 4 വ്യാപാരങ്ങളുണ്ട്. അന്യോന്യ അഭിഭവത്വം, അന്യോന്യാശ്രയത്വം, അന്യോന്യജനകത്വം, അന്യോന്യ മിഥുനത്വം എന്നിങ്ങനെ. ഈ 4 വ്യാപാരങ്ങളിലൂടെയാണ് ലോകത്തെ സകല കാര്യങ്ങളും നിർവഹിക്കപ്പെടുന്നത്. ഇവ പരസ്പരം വിരുദ്ധസ്വഭാവത്തോടുകൂടിയവയാണെങ്കിലും പരസ്പരം ആശ്രയിച്ചിരിക്കുന്നു. അവ ഒറ്റയ്ക്ക് പ്രവർത്തനക്ഷമങ്ങളല്ല. എണ്ണ, തിരി, അഗ്നി എന്നിവ പരസ്പരം വിരുദ്ധ സ്വഭാവത്തോടുകൂടിയവയായിട്ടും അന്ധകാരനാശനത്തിനായിക്കൊണ്ട് എപ്രകാരമാണോ പരസ്പരം യോജിച്ച് പ്രവർത്തിക്കുന്നത് അപ്രകാരം സത്വരജസ്തമോഗുണങ്ങൾ പുരുഷാർത്ഥത്തിനായിക്കൊണ്ട് ഒരുമിച്ച് പ്രവർത്തിക്കുന്നു. ഇവയുടെ കാര്യം പൗരുഷേയമായ ഭോഗാപവർഗസമ്പാദനം തന്നെയാണ്.

## പുരുഷൻ

സാംഖ്യത്തിലെ മുഖ്യവിഷയം ചേതനാചേതനങ്ങളുടെ വിവേചനമാണല്ലോ. ഇതിൽ ചേതനയുടെ പ്രതീകമാണ് പുരുഷൻ. ലോകത്തിലെ എല്ലാ കാര്യങ്ങളും മറ്റൊന്നിന്റെ ആവശ്യപൂർത്തീകരണത്തിനായിട്ടുള്ളതാണ്. ത്രിഗുണാത്മകങ്ങളായ പ്രകൃതി, വ്യക്തം എന്നിവകളുടെ പ്രവൃത്തി പുരുഷന്റെ ഭോഗാപവർഗത്തിനായിട്ടാണെന്ന് പറഞ്ഞു. എന്നാൽ പുരുഷൻ അഥവാ ആത്മാവ് ഉണ്ടോ? ഭോഗ്യമുണ്ടെങ്കിൽ ഭോക്താവുമുണ്ടാവുമല്ലോ. സുഖാദിരൂപമായ കിടക്ക, കസേര എന്നിവകൾ മനുഷ്യർക്കു വേണ്ടിയുള്ളതാണ് എന്ന വ്യാപ്തജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ സുഖദുഃഖമോഹാത്മകങ്ങളായ വ്യക്താവ്യക്തങ്ങളെല്ലാംതന്നെ പുരുഷനു വേണ്ടിയുള്ളതാണ്. കാരണം വ്യക്താവ്യക്തങ്ങൾ അചേതനങ്ങളാണ്. അചേതനങ്ങളിൽ എങ്ങനെ സുഖദുഃഖാദികളുടെ ഭോഗം ഉണ്ടാകാനാണ്. ഭോഗ്യവസ്തുക്കളുണ്ടെങ്കിൽ ഭോക്താവ് കൂടിയേ തീരു. അതുകൊണ്ട് ആത്മാവിന്റെ അസ്തിത്വത്തെ അംഗീകരിക്കേണ്ടിവരുന്നു. കുതിരകളെ പൂട്ടിയ രഥം സാരഥി ഇല്ലാതെ ലക്ഷ്യസ്ഥാനത്തെത്തുന്നതെങ്ങനെ? അതുകൊണ്ട് പ്രധാനത്തിൽ പുരുഷൻ അധിഷ്ഠിതമാണ്. ത്രിഗുണസ്വ ▸▸

ഭാവങ്ങളായ സുഖദുഃഖമോഹങ്ങളുടെ ഭോക്താവ് പുരുഷൻതന്നെയാണ്. ഇപ്രകാരം 24 തത്വങ്ങൾക്കതീതനായി ഒരു ചേതയിതാവ് ഉണ്ട് അത് ആത്മാവ് അഥവാ പുരുഷൻ ആണ് എന്ന് സിദ്ധമായി.

ആത്മാവുണ്ട് എന്നാൽ ഈ ആത്മാവ് പ്രതിശരീരം ഭിന്നമാണോ അതോ ഏകനാണോ? എന്ന സംശയം പുരുഷബഹുത്വം പറഞ്ഞുകൊണ്ട് സാംഖ്യം നിവർത്തിക്കുന്നു.

ആത്മാവ് പ്രതിശരീരം ഭിന്നമാണ്. എന്തെന്നാൽ ആത്മാവ് ഒന്നേ ഉള്ളൂവെങ്കിൽ ഒരാൾ ജനിക്കുമ്പോൾ എല്ലാവരും ജനിക്കുകയും ഒരാൾ മരണമടയുമ്പോൾ എല്ലാവരും മരിക്കുകയും ഒരാൾക്ക് ഇന്ദ്രിയദോഷം - അന്ധത, ബധിരത, മൂടന്ത് തുടങ്ങിയവ - ഉണ്ടാകുമ്പോൾ എല്ലാവരിലും അപ്രകാരമുള്ള ഇന്ദ്രിയദോഷങ്ങളുണ്ടാവുകയും, ഒരാൾ ധർമത്തിൽ പ്രവർത്തിക്കുമ്പോൾ എല്ലാവരും ധർമ്മത്തെ ചെയ്യേണ്ടതുമുണ്ട്. കൂടാതെ ആരുംതന്നെ ഒരേ പ്രവൃത്തി ഒരുമിച്ച് ചെയ്യുന്നുമില്ല. അതുകൊണ്ട് ആത്മാവ് പ്രതിശരീരം ഭിന്നമാണ്. അതായത് ഓരോ ശരീരത്തിനും ഓരോ ആത്മാവുണ്ട്. അതോടൊപ്പംതന്നെ ശരീരത്തിൽനിന്നും ഭിന്നവുമാണ്.

ഈ പുരുഷൻ വ്യക്താവ്യക്തങ്ങൾക്ക് വിപരീതമായ സ്വഭാവത്തോടുകൂടിയവനാണ്. അവൻ നിർഗുണനും വിവേകിയും ചേതയിതാവും അസാമാന്യനും അപ്രസവധർമിയും ആണ്. അവ്യക്തത്തെപോലെ കാരണജന്യമല്ല, അതുകൊണ്ട് നിത്യനും ഒന്നിനെയും ആശ്രയിക്കാത്തതുകൊണ്ട് സ്വതന്ത്രനും സർവ്വവ്യാപിയും നിഷ്ക്രിയനും അലിംഗനും അവയവരഹിതനുമാണ്. എന്നാൽ അവ്യക്തത്തെപോലെ പുരുഷൻ ഏകനല്ല.

സാക്ഷിത്വം, കൈവല്യത്വം, ഉദാസീനത്വം, ദ്രഷ്ടൃത്വം, അകർതൃത്വം എന്നിവ പുരുഷന്റെ മറ്റു ധർമ്മങ്ങളാണ്. അചേതനങ്ങളായ വസ്തുക്കൾക്ക് അവ ഉണ്ടാക്കുന്ന കാര്യങ്ങൾ കാണാൻ കഴിയുന്നില്ല. ചേതനാവാനായ പുരുഷൻ എല്ലാം കാണുന്നു. അതുകൊണ്ട് സാക്ഷിയാണ്. വാദിയും പ്രതിയും സാക്ഷിയുടെ മുന്നിലാണ് തങ്ങളുടെ വിവാദവിഷയങ്ങളെ അവതരിപ്പിക്കാറ്. അതുപോലെ ബുദ്ധിരൂപത്താൽ പരിണതമായ പ്രകൃതി താൻ ചെയ്ത കാര്യങ്ങളെല്ലാം പുരുഷന് കാണിച്ചുകൊടുക്കുന്നു. അതുകൊണ്ട് പുരുഷൻ സാക്ഷിയാണ്. ഇക്കാരണത്താൽ ദ്രഷ്ടാവുമാണ്.

## പ്രകൃതിപുരുഷബന്ധം

സാംഖ്യമനുസരിച്ച് സൃഷ്ടി പ്രകൃതി പുരുഷ സംയോഗത്താൽ സംഭവിക്കുന്നു. ഈ പ്രകൃതിപുരുഷബന്ധം എപ്രകാരമാണ്? അന്ധനും മുടന്തനും തമ്മിലുള്ള ബന്ധംപോലെയാണ് പ്രകൃതിയും പുരുഷനും തമ്മിലു

ള്ള ബന്ധം. അന്ധന് കാണാൻ കഴിയില്ല എന്നാൽ നടക്കാം, മുടന്തന് നടക്കാനാവില്ല പക്ഷേ കാണാൻ കഴിയും. ഇവർ ഒരുമിച്ച് പ്രവർത്തിച്ച് ലക്ഷ്യസ്ഥാനത്തെത്തുന്നു. അന്ധന്റെ തോളിലേറിയ മുടന്തൻ പറഞ്ഞു കൊടുക്കുന്ന വഴിയിലൂടെ അന്ധൻ സഞ്ചരിക്കുന്നു. ഇപ്രകാരം മുടന്തനും അന്ധന്റെ തോളിലേറി യാത്രചെയ്ത് ഇരുവരും ലക്ഷ്യസ്ഥാനത്തെത്തി കൃതാർത്ഥരാകുന്നു. ഇതുപോലെ പ്രകൃതിയിൽ ക്രിയാശക്തിയുണ്ട് അന്ധനെപോലെ ദർശനശക്തിയില്ല. പുരുഷനിലാകട്ടെ ദർശനശക്തിയുണ്ട് മുടന്തനെപോലെ ക്രിയാശക്തിയില്ല. എന്നാൽ അവർ പരസ്പരം യോജിച്ച് പ്രവർത്തിച്ച് സൃഷ്ടി നടത്തുന്നു. 'ദ്രഷ്ട ദൃശ്യയോഃ സംയോഗോ ഹേയഹേതും' എന്ന് പതഞ്ചലി. ദ്രഷ്ടാവായ പുരുഷന്റെയും ദൃശ്യരൂപമായ പ്രകൃതിയുടെയും സംസർഗമാണ് പ്രപഞ്ചോത്പത്തിക്കു ഹേതുവായിട്ടുള്ളത് എന്ന് താത്പര്യം.

## സൃഷ്ടി

പ്രകൃതിപുരുഷ സംയോഗംകൊണ്ട് സർഗസൃഷ്ടി നടക്കുന്നുവെന്ന് പറഞ്ഞു. ത്രിഗുണങ്ങളുടെ സാമ്യാവസ്ഥയാണ് പ്രകൃതിയുടെ സ്വരൂപം. ഈ അവസ്ഥയിൽ സൃഷ്ടി നടക്കുന്നില്ല. ഗുണങ്ങളുടെ വിഷമാവസ്ഥയിലേ സൃഷ്ടി നടക്കുന്നുള്ളൂ. അതായത് ഗുണങ്ങളുടെ സാമ്യാവസ്ഥയിൽ പ്രളയവും വിഷമസ്ഥിതിയിൽ സൃഷ്ടിയും സംഭവിക്കുന്നു. പുരുഷന്റെ സാന്നിദ്ധ്യം ഇല്ലാതിരിക്കുന്നിടത്തോളം കാലം പ്രകൃതിയിൽ ഗുണങ്ങൾ സാമ്യാവസ്ഥയിലായിരിക്കും പുരുഷ സാന്നിദ്ധ്യം ഉണ്ടായാൽ ഗുണങ്ങൾക്ക് വൈഷമ്യം ഉണ്ടാവുകയും സൃഷ്ടി നടക്കുകയും ചെയ്യുന്നു. ഇപ്രകാരം പ്രകൃതി പുരുഷ സംയോഗത്താൽ പ്രകൃതിയിൽനിന്നും ആദ്യം മഹത് തത്വം ജനിക്കുന്നു. വ്യക്തിയുടെ ബുദ്ധിക്ക് ആധാരമാണിത്. അദ്ധ്യവസായം, നിശ്ചയിക്കലാണ് ബുദ്ധിയുടെ വ്യാപാരം. ധർമം, ജ്ഞാനം, വൈരാഗ്യം, ഐശ്വര്യം എന്നിവ ബുദ്ധിയുടെ 4 സാത്വികമായ രൂപങ്ങളും, അധർമം അജ്ഞാനം, അവൈരാഗ്യം, അനൈശ്വര്യം എന്നിവ താമസികമായ വ്യാപാരങ്ങളുമാണ്. എല്ലാ ഇന്ദ്രിയങ്ങളും ബുദ്ധിക്കുവേണ്ടിയും ബുദ്ധി പുരുഷനുവേണ്ടിയും പ്രവർത്തിക്കുന്നു.

ബുദ്ധിയിൽനിന്നും അഹങ്കാരം ജനിക്കുന്നു. അഭിമാനമാണ് അഹങ്കാരം. ഇന്ദ്രിയങ്ങളാൽ ഗ്രഹിക്കപ്പെടുന്നതും ബുദ്ധിയാൽ ചിന്തിക്കപ്പെടുന്നതുമായ കാര്യങ്ങളിൽ ഞാനാണ് അധികാരി, ഈ വിഷയങ്ങളെല്ലാം എന്റെതാണ്, അതുകൊണ്ട് ഞാനാണ് ഇത് അനുഭവിക്കാൻ യോഗ്യൻ എന്നിങ്ങനെയുള്ള ഭാവമാണ് അഹങ്കാരം എന്നു പറയുന്നത്. ഈ അഹങ്കാരത്തിന് വൈകൃതം (സാത്വികം), ഭൂതാദി (താമസം) തൈജസം (രാജസം) എന്നിങ്ങനെ മൂന്നു രൂപമുണ്ട്. ഇതിൽ വൈകൃത അഹങ്കാര ▸▸

▸▸ ത്തിൽനിന്നും സാത്വികമായ പതിനൊന്ന് ഇന്ദ്രിയങ്ങൾ ജനിക്കുന്നു. 5 ജ്ഞാനേന്ദ്രിയങ്ങൾ (ചക്ഷുസ്, ത്വക്ക്, ശ്രോത്രം, നയനം, ഘ്രാണം) 5 കർമേന്ദ്രിയങ്ങൾ (വാക്, പാണി, പാദ, പായു, ഉപസ്ഥകൾ) മനസ് ഇവയാണ് 11 ഇന്ദ്രിയങ്ങൾ. മനസ് ഉഭയാത്മകമാണ്. സങ്കല്പമാണ് അതിന്റെ വ്യാപാരം. ബുദ്ധി, അഹങ്കാരം, മനസ് ഇവ മൂന്നിനെയും ചേർത്ത് അന്തഃകരണം എന്നു പറയുന്നു.

താമസ അഹങ്കാരത്തിൽനിന്നും പഞ്ചതന്മാത്രകൾ ഉത്പാദിപ്പിക്കപ്പെടുന്നു. ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നിവയാണ് 5 തന്മാത്രകൾ. ഈ പഞ്ചതന്മാത്രകളിൽനിന്നും യഥാക്രമം ആകാശം, വായു, അഗ്നി, ജലം, പൃഥിവി എന്നീ പഞ്ച മഹാഭൂതങ്ങളും ഉണ്ടാകുന്നു.* ഇതാണ് സാംഖ്യപ്രകാരമുള്ള സൃഷ്ടിക്രമം. ഇങ്ങനെയാണ് അഖില പ്രപഞ്ച വസ്തുക്കളുടെയും ഉത്പത്തി ഉണ്ടാകുന്നത്.

ദേവന്മാർക്ക് ബ്രാഹ്മം, പ്രാജാപത്യം, ഐന്ദ്രം, പൈത്ര്യം, ഗാന്ധർവ്വം, യാക്ഷം, രാക്ഷസം, പൈശാചം എന്നിങ്ങനെ 8 തരത്തിലും തിര്യക്കുകൾക്ക് പശു, മൃഗ, പക്ഷി, സരീസൃപ (സർപാദികൾ) സ്ഥാവരം (തരു, ഗുല്മം തുടങ്ങിയവ) എന്നിങ്ങനെ അഞ്ചു തരത്തിലും മനുഷ്യനിൽ ഒരു തരത്തിലും സൃഷ്ടി നടക്കുന്നു. ഇങ്ങനെ മൊത്തം 14 പ്രകാരത്തിൽ ഭൗതികസൃഷ്ടി കണക്കാപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ ഇത് തന്മാത്രാസൃഷ്ടിയാണ്. ഇതുകൂടാതെ ബുദ്ധിയുടെ പരിണാമമായ പ്രത്യയസർഗവും ഉണ്ട്. ഇത് സ്ഥൂലരൂപത്തിൽ 4 പ്രകാരമാണ് വിപര്യം, അശക്തി, തുഷ്ടി, സിദ്ധി എന്നിങ്ങനെ. ഇതിന് 50 ഉപഭേദങ്ങൾ ഉണ്ട്. വിപര്യയത്തിന്റെ 5 ഭേദങ്ങൾ, അശക്തിയുടെ 28 ഭേദങ്ങൾ എന്നിങ്ങനെ.

(തുടരും)

* രാജസ അഹങ്കാരത്തിൽനിന്നും ഇവ രണ്ടും ജനിയ്ക്കുന്നു.